കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പവിത്രേശ്വരം ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2018-19

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**e-mail:doklm.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം .പി.11/398/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് ഓഫീസ്,കൊല്ലം.

തീയതി-07-05-2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പവിത്രേശ്വരം ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : പവിത്രേശ്വരം ഗ്രാമപഞ്ചായത്ത് -2018-2019 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **പവിത്രേശ്വരം ഗ്രാമപഞ്ചായത്തിന്റെ** 2018-2019 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലേയും 3ലേയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

**ഡെപ്യൂട്ടി ഡയറക്ടർ**

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.

3)കാര്യാലയ പകർപ്പ്

നം .കെ.എസ്.എ.കെ.എൽ.എം .പി-11/398/2020 തീയതി: 07.05.2020

**<u>കൊല്ലം ജില്ലയിലെ പവിത്രേശ്വരം ഗ്രാമപഞ്ചായത്തിന്റെ</u>**

**<u>2018-2019 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

കൊല്ലം ജില്ലയിലെ **പവിത്രേശ്വരം ഗ്രാമപഞ്ചായത്തിന്റെ** 2018-2019 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 15.12.2018 മുതൽ 31.01.2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ്

റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.സൈമൺ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10.02.2020 മുതൽ<br>19.02.2020വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ബിജി വർഗ്ഗീസ്<br>ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.) |
| | ശ്രീ.മണിലാൽ<br>ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.) |
| | ശ്രീ. സുബി.എസ്<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.റെജിന, ഓഡിറ്റർ |

<u>**നിർവ്വഹണാധികാരികൾ**</u>

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ധന്യാ കൃഷ്ണൻ | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ഉഷാകുമാരി അമ്മ. | 01.04.2018 മുതൽ 17.06.2018വരെ |
| | സതി. ഒ.എസ് (ഇൻ ചാർജ്ജ്) | 18.06.2018 മുതൽ 01.08.2018വരെ |
| | ഉഷാകുമാരി അമ്മ. | 02.08.2018 മുതൽ |

| | | |
|---|---|---|
| | | 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | അരുൺ നാഥ് (ഇൻ ചാർജ്ജ്) | 01.04.2018 മുതൽ 07.06.2018 വരെ |
| | സതി. ഒ.എസ് | 08.06.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | സുനിൽ കുമാർ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. ബിന്ദു.റ്റി.എം. | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയൂർവ്വേദം) | ഡോ.പി. ഗീത. | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. പ്രണിത വിനീജ് | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്റിനറി സർജൻ | ഡോ. ദീപ്തി.എ.ആർ | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ലാലി.സി | 01.04.2018 മുതൽ |

| | | |
|---|---|---|
| | | 15.02.2019 FN വരെ |
| | ധന്യ എം.എസ് | 15.02.2019 ANമുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. ഇന്ദിര | 01.04.2018 മുതൽ 31.03.2019 വരെ |
| പ്രധാന അദ്ധ്യാപിക | ശ്രീമതി.സുലത.വി .എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ. പവിത്രേശ്വരം | ശ്രീമതി.സന്ധ്യ.എസ്. | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ. പാങ്ങോട് | ശ്രീമതി.ബിന്ദു.പി | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.സുധീഷ് കുമാർ | 01.04.2018 മുതൽ 31.03.2019 വരെ |

# ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |

| | | |
|---|---|---|
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് | 1-12 |
| 13 | ലേലം അപാകത സംബന്ധിച്ച് | 1-13 |
| 14 | വസ്തുനികുതി അപാകത സംബന്ധിച്ച് | 1-14 |
| 15 | സേവനത്തിൽ പ്രവേശിച്ച ആദ്യമാസം മുതൽ ഗ്രൂപ്പ് ഇൻഷുറൻസ് വിഹിതം കിഴിച്ചില്ല | 1-15 |
| 16 | ഡി.എ കുടിശ്ശിക വിതരണം- കോണ്ട്രിബ്യൂട്ടറി പെൻഷൻ വിഹിതം കിഴിച്ചില്ല | 1-16 |
| 17 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്പടോപ്പ് വിതരണം - ടെൻഡർ നടപടികളിൽ അപാകത, സ്പെസിഫിക്കേഷൻ പ്രകാരമല്ലാത്ത വിതരണം തടസ്സം 7,53,971/- രൂപ | 1-17 |
| 18 | ഡിഗ്രി / പ്രൊഫഷണൽ കോഴ്സ് ചെയ്യുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം നഷ്ടം 10120/- രൂപ | 1-18 |
| 19 | റേറ്റ് കോൺട്രാക്ടിൽ ഇല്ലാത്ത ഇനം ടെൻഡർ നടപടി കൂടാതെ വാങ്ങി | 1-19 |
| 20 | കരാറുകാരന്റെ സ്വന്തം മണ്ണ് കൊണ്ടുവന്നുനിറയ്ക്കൽ- ഉയർന്ന നിരക്ക് നൽകി | 1-20 |
| 21 | മരാമത്ത് പ്രവൃത്തികൾ- യഥാസമയം കരാർ വയ്ക്കാതിരുന്നതിന് പിഴ ഈടാക്കിയില്ല. | 1-21 |
| 22 | മരാമത്ത് പ്രവൃത്തികൾ- പ്രവൃത്തി പൂർത്തിയാക്കിയതിൽ കാലതാമസം- പിഴ ഈടാക്കിയില്ല | 1-22 |
| 23 | റീടാറിംഗ് പ്രവൃത്തികൾ- ബാരലിന്റെ വില ഈടാക്കിയില്ല. | 1-23 |
| 24 | മരാമത്ത് പ്രവൃത്തികൾ- ടെണ്ടർ നടപടിയുടെ മത്സരാധിഷ്ഠിതസ്വഭാവം നഷ്ടപ്പെടുന്നു. | 1-24 |

| | | |
|---|---|---|
| 25 | മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പപദ്ധതി- കെ.ഐ.പി.കനാൽ/തോട് നവീകരണം - പൊതു സ്ഥലത്തുനിന്ന് ലഭിച്ച മണ്ണ് വേണ്ട രീതിയിൽ പ്രയോജനപ്പെടുത്തിയില്ല. | 1-25 |
| 26 | പഞ്ചായത്ത് ഓഫീസിലെ ജനറേറ്ററിന് ഇന്ധനം വാങ്ങി ലോഗ്ബുക്ക് ഹാജരാക്കിയില്ല | 1-26 |
| 27 | അംഗനവാടി ജീവനക്കാർക്ക് അധിക വേതനം രേഖകൾ ഹാജരാക്കിയില്ല. തടസ്സം 727550 /- രൂപ | 1-27 |
| 28 | ആർജ്ജിതാവധി പണമാക്കൽ രേഖകൾ ഹാജരാക്കിയില്ല | 1-28 |
| 29 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് അധികമായി അനുവദിച്ച 60420/-. രൂപ നിരാകരിക്കുന്നു | 1-29 |
| 30 | അനുപൂരക പോഷക പരിപാടി സാമഗ്രികളുടെ വിതരണത്തിലും വാങ്ങൽ നടപടികളിലും പൊരുത്തക്കേടുകൾ | 1-30 |
| 31 | ലൈഫ് ഭവന പദ്ധതി ഒന്നാം ഗഡു കൈപ്പറ്റിയ ശേഷം നാളിതുവരെ പണി പൂർത്തിയാക്കിയില്ല | 1-31 |
| 32 | ഇന്ധനത്തിന്റെ വിവരങ്ങൾ ലോഗ്ബുക്കിൽ ചേർത്തില്ല. | 1-32 |
| 33 | പവിത്രേശ്വരം മഹാത്മജി മെമ്മോറിയൽ ലൈബ്രറിക്ക് കമ്പ്യൂട്ടറും ഫർണ്ണീച്ചറും വാങ്ങൽ അപാകതകൾ- | 1-33 |
| 34 | പി.എച്ച് സി ക്ക് ആംബുലൻസ് വാങ്ങൽ | 1-34 |
| 35 | ഇടവിളകൃഷിക്ക് വളം -കർഷകന്റെ അക്കൗണ്ടിന് പകരം കെയ്കോയുടെ അക്കൗണ്ടിലേക്ക് പണം മാറി നല്കി. | 1-35 |
| 36 | സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളുടെ ഫയലുകൾ ആഡിറ്റിന് ഹാജരാക്കിയില്ല. -തടസ്സം- 56,066/- | 1-36 |
| 37 | പൈപ്പ് ലൈൻ നീട്ടൽ- വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുകയിൽ ബാലൻസ് വന്ന തുക തിരികെ ലഭ്യമായിട്ടില്ല. | 1-37 |
| 38 | ഇന്ധനത്തിന്റെ വിവരങ്ങൾ ലോഗ്ബുക്കിൽ | 3-1 |

| | | |
|---|---|---|
| | ചേർത്തില്ല. | |
| 39 | അനുപൂരക പോഷക പരിപാടി സാമഗ്രികളുടെ വിതരണത്തിലും വാങ്ങൽ നടപടികളിലും പൊരുത്തക്കേടുകൾ | 3-2 |
| 40 | പവിത്രേശ്വരം മഹാത്മജി മെമ്മോറിയൽ ലൈബ്രറിക്ക് കമ്പ്യൂട്ടറും ഫർണ്ണീച്ചറും വാങ്ങൽ അപാകതകൾ- | 3-3 |
| 41 | ഡിഗ്രി / പ്രൊഫഷണൽ കോഴ്സ് ചെയ്യുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം നഷ്ടം 10120/- രൂപ | 3-4 |
| 42 | കരാറുകാരന്റെ സ്വന്തം മണ്ണ് കൊണ്ടുവന്നനിറയ്ക്കൽ- ഉയർന്ന നിരക്ക് നൽകി | 3-5 |
| 43 | റീടാറിംഗ് പ്രവൃത്തികൾ- ബാരലിന്റെ വില ഈടാക്കിയില്ല. | 3-6 |
| 44 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 45 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 46 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 47 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 48 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 49 | സ്ഥിര നിക്ഷേപം | 4-6 |
| 50 | ഓഡിറ്റ് റിക്കവറി | 4-7 |
| 51 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 52 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 53 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 54 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 55 | ഓഡിറ്റ് സാക്ഷ്യപത്രം 2018-2019 | അനുബന്ധം 1 |
| 56 | അനുബന്ധ പത്രികകൾ | അനുബന്ധം 2 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

31.03.2018തീയതിയിലെ 1(1)തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ് 08.02.2019തീയതിയിലെ 6(1)തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 10.05.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,02,10,657/- |
| വരവ് | 11,65,92,685/- |
| ആകെ | 12,68,03,342/- |
| ചെലവ് | 10,94,25,760/- |
| നീക്കിയിരിപ്പ് | 1,73,77,582/- |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 22541425 | 22541425 | 21262148 | 1279277 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 18173000 | 18173000 | 18172466 | 534 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 138000 | 138000 | 0 | 138000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 3802000 | 3802000 | 3783832 | 18168 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 4571000 | 4571000 | 4322809 | 248191 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 12694893 | 12694893 | 9824539 | 2870354 |
| എസ്. എസ്. എ | | 5348 | 0 | 5348 | 0 | 5348 |
| സാക്ഷരത | | 4115 | 146 | 4261 | 0 | 4261 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 41592483 | 41592483 | 41592483 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് | 46064 | 854149 | 900213 | 898925 | 1288 |

| | | | | | | |
|---|---|---|---|---|---|---|
| | ചെലവ് | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 2000000 | 4431684 | 6431684 | 4333912 | 2097772 |
| | ജില്ലാ പഞ്ചായത്ത് | 0 | 3294549 | 3294549 | 3294383 | 166 |
| ബി ഫണ്ട് | | 0 | 510240 | 510240 | 510240 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 5846079 | 33917447 | 39774576 | 29974348 | 9800228 |
| | ട്രഷറി അക്കൗണ്ട് | 641306 | 18538785 | 19180091 | 15308219 | 3871872 |

# 1-5 പദ്ധതി അവലോകനം

**1-5 പദ്ധതി അവലോകനം**

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 224 | 147955742 | 152 | 91632235 | 0 | 72 | 67.85 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 46064 | 854149 | 900213 | 898925 | 1288 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 41592483 | 41592483 | 41592483 | 0 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,80,240/- | 83 |
| കർഷകതൊഴിലാളി പെൻഷൻ | 10,42,600/- | 81 |
| വിധവാപെൻഷൻ | 1,72,21,500/- | 1636 |
| | | |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 34,1,86,700/- | 3207 |
| വികലാംഗപെൻഷൻ | 51,37,000/- | 428 |
| 50 വയസിൻ മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 6,79,000/- | 63 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.02.2020 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 21,239/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ധന ഇടപാടുകളുടെ വിവിധ രേഖകൾ ജോലിവിഭജനരേഖ പ്രകാരം വിവിധ ജീവനക്കാർ പരിപാലിച്ചുവരുന്നുണ്ട്.

**എ) ഫ്രണ്ട് ഓഫീസ് പ്രവർത്തനം**

ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ഓഫീസ് സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനും സേവനങ്ങൾക്കുള്ള സമയദൈർഘ്യം കുറയ്ക്കുന്നതിനും ഉതകുന്ന പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്.
നികുതിപിരിവിന്റെ കാര്യക്ഷമത ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി വിലയിരുത്തി നികുതിപിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

**സി) വരവ്-ചെലവുകളുടെ അക്കൗണ്ടിംഗ്**

കേരളാ പഞ്ചായത്തീരാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം വ്യക്തമായ അക്കൗണ്ടിംഗ് സമ്പ്രദായം സ്വീകരിച്ചിട്ടുള്ള പഞ്ചായത്തിലെ എല്ലാ ഫ്രണ്ട് ഓഫീസ് വരവുകളും പ്രിന്റഡ് രസീതി നൽകിയാണ് സ്വീകരിക്കുന്നത്.

പ്രതിദിന കളക്ഷൻ തൊട്ടടുത്ത ദിവസം തന്നെ ഒടുക്കുവരുത്തുന്നുണ്ട്. സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് ഫ്രണ്ട് ഓഫീസ് വരവുകൾ സ്വീകരിക്കുന്നത്. ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള തുകകൾ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നുണ്ട്. കുടിശ്ശികകൾ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വരവുകൾ ശരിയായ രീതിയിൽ അക്കൌണ്ട് ചെയ്തിട്ടുണ്ട്. മേൽചട്ടങ്ങളുടെ 29 ാം വകുപ്പിൽ പ്രദിപാദിക്കുംപ്രകാരം ചെലവുകൾ അധികാരപ്പെടുത്തും പ്രകാരം നടത്തി വൌച്ചറുകൾ സൂക്ഷിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. പണമായും ചെക്ക്,ഡിഡിയായും നൽകുന്ന തുകകൾക്ക് കൈപ്പറ്റ് രസീതി വാങ്ങിസൂക്ഷിക്കുന്നുണ്ട്. വരവ് ചെലവുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ക്രമപ്രകാരം പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്.പഞ്ചായത്തിലെ അക്കൗണ്ടിംഗ് സമ്പ്രദായം തൃപ്തികരമാണ്.

<u>ഡി) അനിവാര്യചുമതലകളുടെ നിർവ്വഹണം</u>

കേരളാപഞ്ചായത്ത് രാജ് ആക്ട് 166ാം വകുപ്പ് 1ാം ഉപവകുപ്പിൽ ഉൾപ്പെട്ട തെരുവുവിളക്കുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ലോഗ് ബുക്ക് പരിപാലനം തൃപ്തികരമല്ല. സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ സവിശേഷ നമ്പരുകൾ നല്കി ആസ്തിരജിസ്റ്ററിൽ ചേർത്ത് കാലികമാക്കുന്നില്ല.
ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി അഭ്യന്തര നിയന്ത്രണ സംവിധാനം നിലനിൽക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.01.2020 മുതൽ 16.01.2020വരെ | 11/2019, 12/2019 | 16.01.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.11.2019മുതൽ 11.11.2019വരെ | 2014-15 മുതൽ 2018-19 വരെ | 23.12.2019 |

## 1-11 2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. KURDFC ലോണിന്റെ തൻവർഷത്തെ ചെലവ് തുകയായ 2,04,69,000/-രൂപ ' Prepaid Expence 'ആയി (ഹെഡ് 440500101) തൻവർഷത്തെ വാർഷികകണക്കിൽ ബാലൻസ്ഷീറ്റിലും R&Pലെ എക്സ്പെന്റീച്ചറിലും കാണിച്ചിട്ടില്ല.

2.B-3 ഷെഡ്യൂളിൽ മുൻവർഷത്തെ തുക തന്നെയാണ് ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനായി രേഖപ്പെടുത്തിയിട്ടുള്ളത്. തൻ വർഷത്തെ മൂലധനചെലവുകൾ ടി ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. മുൻവർഷം B-11 ഷെഡ്യൂളിൽ ‘Electricity -street light' ന്റെ ആസ്തിമൂല്യം 28,07,959/- രൂപയാണ്. തൻവർഷം ടി ഇനത്തിന്റെ തുക 32,32,123/-രൂപയാണ്. എന്നാൽ അധികമായി സൃഷ്ടിക്കപ്പെട്ട ആസ്തിമൂല്യമായി 1,32,358/- രൂപയാണ് Rp38 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 2,91,806/-രൂപയുടെ വ്യത്യാസം കാണുന്നു.

4. മുൻവർഷം B-11 ഷെഡ്യൂളിൽ ‘Other Fixed asset' ന്റെ ആസ്തിമൂല്യം 16,51,737/- രൂപയാണ്. തൻവർഷം ടി ഇനത്തിന്റെ തുക 21,75,983/-രൂപയാണ്. എന്നാൽ അധികമായി സൃഷ്ടിക്കപ്പെട്ട ആസ്തിമൂല്യമായി 29,000/-രൂപയാണ് Rp38 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 495246രൂപയുടെ വ്യത്യാസം കാണുന്നു.

5. ‘Roads and Bridges ' ന്റെ മുൻവർഷത്തെ ഡിപ്രീസിയേഷൻ 1,87,049/-രൂപയും തൻവർഷത്തെ ഡിപ്രീസിയേഷൻ 16,58,764/- രൂപയുമാണ്. മുൻവർഷത്തെക്കാൾ ഡിപ്രീസിയേഷനിൽ ഗണ്യമായ വ്യത്യാസം കാണുന്നു.

6. 'Sewerage and Drainage' 2018-19 ലെ വാർഷികകണക്കിൽ അസ്സറ്റായി ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ഡിപ്രീസിയേഷനായി 7,380/- രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.

7. 'Advance to Implimenting Officers' തൻവർഷചെലവ് വാർഷികകണക്കു പ്രകാരം 1,14,500/-രൂപയാണ്.എന്നാൽ രജിസ്റ്റർ പ്രകാരം 11,95,330/-രൂപയാണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

8. ലേല രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ 'Sale of Timper', 'Auction of obsolete assets','Sale of empty and waste materials', എന്നിവയുടെ അക്കൗണ്ട്സിലെ തുകകൾ പരിശോധിച്ച് കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

9. LIC ഇനത്തിൽ ബാലൻസ്ഷീറ്റിൽ 'Liability' കാണിച്ചിട്ടുള്ളത് 5600രൂപയാണ്.രജിസ്റ്റർ പ്രകാരം 4,600/-രൂപയാണ്.

10. വസ്തു നികുതി സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, തുകകളും വാർഷികകണക്കു പ്രകാരമുള്ള ഡിമാന്റ് ,കളക്ഷൻ, തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

<u>തൻവർഷം</u>

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| സഞ്ചയ | 4218692 | 3874115 | 18384 |
| AFS | 4013644 | 3738431 | 18360 |

<u>കുടിശ്ശിക</u>

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| സഞ്ചയ | 1076843 | 1019748 | 57095 |
| AFS | 1870138 | 932621 | 57095 |

## 1-12 തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച്

**എ)** പവിത്രേശ്വരം ഗ്രാമ പഞ്ചായത്തിലെ 2018-19 വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ, തൊഴിൽനികുതി സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽനികുതി ഒടുക്കുവരുത്തിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | സ്ഥാപന തൊഴിൽനികുതി |
|---|---|---|
| 1 | സെന്റ് പോൾസ് കാഷ്യു ഫാക്ടറി | I & II |
| 2 | ബി. എസ് .എൻ .എൽ | I & II |
| 3 | കെ. എസ്. സി. ഡി. എസ് ലിമിറ്റഡ് ഫാക്ടറി,പുത്തുർ | I & II |
| 4 | ക്ഷീരോൽപാദക സഹകരണ സംഘം പവിത്രേശ്വരം | I & II |
| 5 | സൗഭാഗ്യ കല്യാണമണ്ഡപം | I & II |
| 6 | എം.വി.ആർ എക്സ്പോർട്സ് ഫാക്ടറി | I & II |
| 7 | നന്ദി കാഷ്യൂസ് | I & II |
| 8 | കൈലാസ് കാഷ്യു ഫാക്ടറി , കാരുവേലിൽ | I & II |

**ബി)** പവിത്രേശ്വരം സർവീസ് സഹകരണ ബാങ്കിന്റെ അധീനതയിലുള്ള നീതി മെഡിക്കൽ സ്റ്റോർ, രാസ ജൈവ വള സംഭരണശാല, സിമന്റ് വ്യാപാരശാല എന്നിവ ലൈസൻസ് എടുത്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടു. എന്നാൽ അവിടെ ജോലി ചെയ്യുന്ന

തൊഴിലാളികളുടെ തൊഴിൽ നികുതി ഒടുക്കുവരുത്തിയതായി കാണുന്നില്ല. അതുപോലെതന്നെ പവിത്രേശ്വരം സർവീസ് സഹകരണ ബാങ്ക്, ജൈവവള സംഭരണശാല, സിമൻറ് വ്യാപാരശാല എന്നിവയിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. നന്ദി കാഷ്യൂസ് തൊഴിലാളികളുടെ തൊഴിൽ നികുതി ഒടുക്കുവരുത്തിയിട്ടില്ല.

മേൽ വിഷയങ്ങൾ (എ,ബി) സംബന്ധിച്ച് നൽകിയ ഓഡിറ്റ്എൻക്വയറിയിൽ ഒടുക്ക് വരുത്താത്ത സ്ഥാപനങ്ങൾക്ക് തൊഴിൽനികുതി/സ്ഥാപനനികുതി ഒടുക്ക് വരുത്താൻ കത്ത് നല്കിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തൊഴിൽ നികുതി ഒടുക്കു വരുത്തുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ള സ്ഥാപനങ്ങളിൽനിന്ന് തുക ഈടാക്കി ഒടുക്കുവരുത്തി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

**ഓഡിറ്റന്വേഷണം നം. 7/13.02.2020**

## 1-13 ലേലം അപാകത സംബന്ധിച്ച്

### എ) വൃക്ഷ ലേലം

പവിത്രേശ്വരം ഗ്രാമ പഞ്ചായത്തിലെ 2018-19 വർഷത്തെ ലേല രജിസ്റ്റർ ലേല ഡയറി എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന വൃക്ഷങ്ങളുടെ ലേലത്തിന് 5% വനനികുതി അടവാക്കിയിട്ടില്ല .

| ക്രമ നമ്പർ | പേര്, മേൽ വിലാസം (ലേലം കൊണ്ട വ്യക്തി ) | വാല്യേഷൻ | | ലേല തുക | വനനികുതി (5% ) |
|---|---|---|---|---|---|
| | | വൃക്ഷങ്ങൾ | തുക | | |
| 1 | ബിജു ജോർജ്ജ് കാട്ടുവിള, കാരിക്കൽ | ആഞ്ഞിലി (.41m3) | 12,197/- | 12,700/- | 635/- |
| 2 | ദേവദത്തൻ പൊയ്കവിളവീട്, കൈതക്കോട് | പ്ലാവ് - 1<br>പൂവാക - 2<br>മാവ് - 1 | 38,234/- | 36,235/- | 1,812/- |
| **ആകെ** | | | | | **2,447/-** |

ലേല ഇനത്തിൽ സർക്കാരിൽ അടവാക്കേണ്ട 5% വനനികുതി തുകയായ **2,447/-** രൂപ ഈടാക്കി A3469/D തീയതി 11/10/17 പ്രകാരം P 406 -01-101-96-00-FDT എന്ന

ശീർഷകത്തിൽ ഒടുക്കു വരുത്തേണ്ടതാണ്. തുക ഒടുക്കു വരുത്തി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് ഓഡിറ്റ്എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

**മണ്ണ് ലേലം) ബി**

പവിത്രേശ്വരം ഗ്രാമ പഞ്ചായത്തിലെ ജില്ലാപഞ്ചായത്ത് പദ്ധതിയായ തണ്ണീർപന്തൽ നിർമിക്കുന്നതിനായി പഞ്ചായത്തിന്റെ കോൺഫറൻസ് ഹാളിന് മുന്നിലുള്ള സ്ഥലത്ത് നിന്നും 85m3 മണ്ണ് എടുക്കണമെന്ന് എക്സിക്യൂട്ടീവ് എൻജിനീയറുടെ നിർദേശപ്രകാരം മണ്ണെടുത്ത് നീക്കം ചെയ്യുന്നതിന് തീരുമാനിച്ചിരുന്നു. ഇതിൻപ്രകാരം 28.7.18 നടന്ന ലേലത്തിൽ 22,000/- രൂപയ്ക്ക് ലേലം അംഗീകരിച്ചു എന്നാൽ നീക്കം ചെയ്യുന്ന മണ്ണിന്റെ വില ഉൾക്കൊള്ളുന്ന വാല്യുവേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ തിട്ടപ്പെടുത്തിയിട്ടില്ല. 40രൂപ/m3 (85*40=3,400/-രൂപ ) ഓർഡിനറി സോയിലിന് റോയൽറ്റി ഉണ്ടെന്നിരിക്കെ, ജിയോളജി മൈനിംഗ് വകുപ്പിന്റെ സാക്ഷിപത്രവും കൃത്യമായ വാല്യുവേഷനും ഇല്ലാതെ മണ്ണ് ലേലം നടത്തിയതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റന്വേഷണത്തിന് നല്കിയ മറുപടി അംഗീകരിക്കുന്നില്ല. ആയതിനുള്ള തുടർ നടപടികൾ സ്വീകരിച്ച് റോയൽറ്റിതുകയായ 3,400/-രൂപ ഈടാക്കി ഒടുക്കുവരുത്തി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

**ഓഡിറ്റന്വേഷണം നം. 9/14.02.2020**

## 1-14 വസ്തുനികുതി അപാകത സംബന്ധിച്ച്

**എ)** എം. മണിലാൽ മേലൂട്ട് വീട്, പവിത്രേശ്വരം (IX/261/5-1), വത്സല, ശാന്തി ഇടവട്ടം കാരുവേലിൽ (IX/261/5-2) എന്നിവർ വെവ്വേറെ കൊമേഷ്യൽ ബിൽഡിംഗ് നിർമിക്കുന്നതിനായി A3/5370/15 തീയതി 11.11.15 എന്ന ഒറ്റ പെർമിറ്റാണ് ഉപയോഗപ്പെടുത്തിയിരിക്കുന്നത്. അതുപോലെതന്നെ ഒരു ബിൽഡിംഗിന്റെ ഫ്രണ്ടേജ് 3 മീറ്റർ (5.30m * 2.80m) കെട്ടിയടച്ചിരിക്കുന്നു. ഒപ്പം സെറ്റ് ബാക്ക് 1.5mഉം കെട്ടിയടച്ചിരിക്കുന്നു. ഇത് 2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ വ്യതിചലനമാണ്. അതിനെതിരെ ഉചിതമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**ബി)** സുജ/വിദ്യാരാജ്, കാഞ്ഞിരംവിള പവിത്രേശ്വരം 9/1112, 9/1113, 9/1114 എന്നീ നമ്പറുകൾ അടങ്ങുന്ന മൂന്നുനില കൊമേഷ്യൽ ബിൽഡിംഗിന് ഫയർ ആൻഡ് സേഫ്റ്റി സാക്ഷിപത്രം ഹാജരാക്കേണ്ടതാണ്. റോഡിൽ നിന്നും കെട്ടിടത്തിന് ഗ്രൗണ്ട് ഫ്ലോറിലേക്ക് ആക്സസ് ഉള്ളതിനാൽ ആയതിനെ സെല്ലാർ ഫ്ളോർ ആയി പരിഗണിക്കാൻ കഴിയില്ല. മൂന്നു നിലകളുള്ളപ്പോൾ ഫയർ ആൻഡ് സേഫ്റ്റിയിൽ നിന്നും സാക്ഷ്യപത്രം വാങ്ങാതെ കെട്ടിടനമ്പർ അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

**ഓഡിറ്റ് എൻക്വയറി. നം.22/18.02.2020**

## 1-15 സേവനത്തിൽ പ്രവേശിച്ച ആദ്യമാസം മുതൽ ഗ്രൂപ്പ് ഇൻഷുറൻസ് വിഹിതം കിഴിച്ചില്ല

സർക്കാർ ഉത്തരവ് (പി) നമ്പർ 460/2015 ധന തീയതി 13 -10-15 ഖണ്ഡിക 2 പ്രകാരം ആദ്യ ശമ്പളത്തിൽ നിന്നു തന്നെ ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതിയിലേക്കുള്ള വരിസംഖ്യ പൂർണ്ണ നിരക്കിൽ കിഴിക്കൽ നടത്തിയിട്ടുണ്ടെന്ന് ബന്ധപ്പെട്ട ഡ്രോയിംഗ് ആൻറ് ഡിസ്ബേ സിംഗ് ഓഫീസർ ഉറപ്പ് വരുത്തേണ്ടതും, ഇതിൽ വീഴ്ചയുണ്ടായാൽ ഡ്രോയിംഗ് ആൻറ് ഡിസ്ബേഴ്സിംഗ് ഓഫീസർ, 6 മാസത്തെ കാലതാമസത്തിന് ജില്ലാ ഇൻഷ്വറൻസ് ഓഫീസറിൽ നിന്നും അതിൽ കൂടുതൽ കാലയളവിലേക്കുള്ള കാലതാമസത്തിന് ഇൻഷ്വറൻസ് ഡയറക്ടറിൽ നിന്നും പ്രത്യേക അനുമതി വാങ്ങേണ്ടതാണ് ഒരു ജീവനക്കാരന് ആദ്യമാസം മുതൽ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കാത്തത് മൂലമുണ്ടാകുന്ന സാമ്പത്തിക നഷ്ടത്തിന് ബന്ധപ്പെട്ട ഡി.ഡി.ഒ. ഉത്തരവാദിയായിരിക്കുന്നതാണ്.

ഈ സാഹചര്യത്തിൽ പവിത്രേശ്വരം ഗ്രാമ പഞ്ചായത്തിൽ 28-3 -2018ൽ സേവനത്തിൽ പ്രവേശിച്ച ശ്രീമതി.സിനി, ഓഫീസ് അറ്റൻഡന്റിന്റെ മാർച്ച് 2018 മുതൽ ആഗസ്റ്റ് 2018 വരെയുള്ള കാലയളവിലെ ശമ്പള ബില്ലുകളിൽ നിന്നും ജി.ഐ.എസ് വിഹിതം പിടിച്ചില്ല. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സേവനത്തിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിന് ഡ്രോയിംഗ് ആൻറ് ഡിസ്ബേഴ്സിംഗ് ഓഫീസർ ശ്രദ്ധിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 10-ന് മറുപടി നൽകിയിട്ടില്ല.

**ഓഡിറ്റ് എൻക്വയറി. നം-10/14.02.2020**

## 1-16 ഡി.എ കുടിശ്ശിക വിതരണം- കോൺട്രിബ്യൂട്ടറി പെൻഷൻ വിഹിതം കിഴിച്ചില്ല

സർക്കാർ ഉത്തരവ് (പി) 84/2018 ധന തീയതി 7-6-18 പ്രകാരം 1-7-17 മുതൽ 31 -05-18 വരെയുള്ള ഡി.എ കുടിശ്ശിക പവിത്രേശ്വരം ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് ജൂലൈ 2018ലെ ബില്ല് പ്രകാരം അനുവദിച്ചിട്ടുണ്ട് [വൗച്ചർനം:21800319 തീയതി 20-7-18 - 36,745/- രൂപ ] . എന്നാൽ കോൺട്രിബ്യൂട്ടറി പെൻഷൻ വരിക്കാരായ ജീവനക്കാരുടെ ശമ്പളവും ഡി.എയും ചേർന്ന തുകയുടെ 10% തുക പെൻഷൻഫണ്ടിലേക്ക് ഒടുക്കു വരുത്തേണ്ടത് നിർബന്ധമാണ്. എന്നാൽ ഡി.എ.കുടിശ്ശിക അനുവദിച്ചിരിക്കുന്ന കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതിയിലുള്ള ജീവനക്കാരുടെ കുടിശ്ശിക തുകയിൽ നിന്നും 10% പെൻഷൻ വിഹിതം കിഴിച്ചിട്ടില്ല. ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | ജീവനക്കാരുടെ | തസ്തിക | അനുവദിച്ച | പെൻഷൻ | പഞ്ചായത്ത് |
|---|---|---|---|---|---|

| | പേര് | | തുക | വിഹിതം | വിഹിതം |
|---|---|---|---|---|---|
| 1 | സരിത.എ, | ക്ലാർക്ക് | 3504 | 350 | 350 |
| 2 | സ്മിതാകുമാരി'.ആർ | ക്ലാർക്ക് | 2580 | 258 | 258 |
| 3 | സന്ദീപ് .വി .എസ്സ്. | ക്ലാർക്ക് | 766 | 77 | 77 |
| 4 | പ്രീത .പി . | ഓഫീസ് അറ്റൻഡന്റ് | 1166 | 117 | 117 |
| 5 | സിനി.ആർ | ഓഫീസ് അറ്റൻഡന്റ് | 351 | 35 | 35 |
| 6 | സുമയ്യ.ബി | ഓഫീസ് അറ്റൻഡന്റ് | 863 | 86 | 86 |
| 7 | ആരതി.എസ്സ്.ആർ | ഓഫീസ് അറ്റൻഡന്റ് | 596 | 60 | 60 |
| | | | ആകെ | 983 | 983 |

ജീവനക്കാരുടെ കുടിശ്ശിക ശമ്പളത്തിന്റെ 10% തുകയും സമാന തുക പഞ്ചായത്ത് വിഹിതവും ചേർത്ത് എൻ.പി.എസ്സിൽ ഒടുക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി 11-ന് മറുപടി നൽകിയിട്ടില്ല. 983/- രൂപ ജീവനക്കാരിൽ നിന്നും തിരികെ പിടിച്ച് സമാന തുക പഞ്ചായത്ത് വിഹിതവും ചേർത്ത് എൻ.പി.എസ്സിൽ ഒടുക്കേണ്ടതാണ്.

## 1-17 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്പടോപ്പ് വിതരണം - ടെൻഡർ നടപടികളിൽ അപാകത, സ്പെസിഫിക്കേഷൻ പ്രകാരമല്ലാത്ത വിതരണം-തടസ്സം 7,53,971/- രൂപ

അസിസ്റ്റൻറ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ " ഡിഗ്രി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് [ പദ്ധതി നം. 247/19 സ്പിൽ ഓവർ] " എന്ന പദ്ധതിയിൽ 25 -10 - 17 ലെ A2/180/17 നമ്പർ പ്രകാരം ഇ-ടെൻഡർ നടത്തിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം പദ്ധതിക്കായി വികസന ഫണ്ടിൽ നിന്നും 753971 രൂപ ചെലവഴിച്ചിട്ടുമുണ്ട്. [ബിൽനം: 1/18-19 തീയതി 31.5.18] ഇ-ടെൻഡർ നടപടികളിലും, ലാപ്പ്ടോപ്പ് വിതരണത്തിലും അപാകതയുള്ളതായി ഓഡിറ്റിന് ബോധ്യപ്പെട്ടു. വിശദവിവരം ചുവടെ ചേർക്കുന്നു.

1. രേഖകൾ പ്രകാരം നാലു സ്ഥാപനങ്ങളാണ് ഇ-ടെൻഡറിൽ പങ്കെടുത്തതായി കാണുന്നത്. എന്നാൽ പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക്സ് വിഭാഗം അസി.എഞ്ചിനീയറുടെ 18 - 1 - 18 ലെ കെ.എസ് 09/752/ 18 താരതമ്യ സ്റ്റേറ്റ്മെന്റ് പ്രകാരം സാധാ ടെൻഡറിലൂടെ 2 സ്ഥാപനങ്ങൾ കൂടി ദർഘാസ് സമർപ്പിച്ചതായി

കാണുന്നു. ആയതിന്റെ കാരണം വ്യക്തമാക്കാനും ഇ- ടെൻഡർ BOQ Summary ഹാജരാക്കാനും ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി 1-നുള്ള മറുപടിയിൽ 2017-18 വർഷം ലാപ്പ്ടോപ്പ് വാങ്ങുന്നതിനായി മറ്റൊരു പ്രോജക്ട് ഉണ്ടായിരുന്നെന്നും ആയതിന്റെ വിവരങ്ങളാണ് അധികമായി ചേർത്തിട്ടുള്ളതെന്നുമാണ് മറുപടി നൽകിയത്. BOQ Summary ഹാജരാക്കിയെങ്കിലും 5 സ്ഥാപനങ്ങൾ ഇ-ടെൻഡറിൽ പങ്കെടുത്തതായി കാണുന്നു.ആയത് വിശദീകരിക്കേണ്ടതാണ്.

2. താരതമ്യ സ്റ്റേറ്റ്മെന്റ് പ്രകാരം ദർഘാസ് സമർപ്പിച്ച ഒരു സ്ഥാപനത്തിനും ആവശ്യപ്പെട്ട സ്പെസിഫിക്കേഷൻ അനുസരിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ. പുനർ ദർഘാസ് ക്ഷണിക്കാതെ "ചിപ് സെറ്റ് കമ്പ്യൂട്ടേഴ്സ് " എന്ന സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. (02.02.2018 തീയതിയിലെ കമ്മിറ്റി തീരുമാനം 1(2)) കാലതാമസ്സം വരുന്നു എന്നുള്ളതാണ് പുനർ ദർഘാസ് ക്ഷണിക്കാത്തതിന് കാരണമായി പറഞ്ഞിട്ടുള്ളത്.ആയത് കൃത്യമായ വിശദീകരണമല്ല.
3. ദർഘാസ് സ്പെസിഫിക്കേഷനിൽ ആവശ്യപ്പെട്ടിരുന്ന BAPCO (Business Application Performance Computers) റേറ്റിംഗ് എല്ലാ സ്ഥാപനങ്ങളും പ്രത്യേകിച്ച് ദർഘാസ് അനുവദിച്ച സ്ഥാപനം ഉറപ്പ് വരുത്തിയിരുന്നോ എന്നുള്ളത് എൻക്വയറിയിൽ അന്വേഷിച്ചെങ്കിലും ആയത് പരിശോധിച്ചിട്ടില്ല എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. ഒരു സ്ഥാപനം BAPCO റേറ്റിംഗ് രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ദർഘാസ് അനുവദിച്ച സ്ഥാപനം BAPCO റേറ്റിംഗ് ഉറപ്പ് വരുത്തിയിരുന്നോ എന്നുള്ളത് പരിശോധിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

4. അസി.സെക്രട്ടറിയുടെ 14-12-17 ലെ A 2 - 180/17 കത്ത് പ്രകാരം പങ്കെടുത്ത എല്ലാ സ്ഥാപനങ്ങളോടും ടെൻഡർ പ്രകാരമുള്ള OEM [Orginal Equipment Manufacture]warranty ആവശ്യപ്പെട്ടതനുസരിച്ച് ടെൻഡർ അനുവദിച്ച സ്ഥാപനം നൽകിയ രേഖകൾ പ്രകാരം ES1-533 മോഡലിലുള്ള ACER കമ്പിനിയുടെ ലാപ്ടോപ്പ് 5 വർഷ OEM വാറണ്ടിയിൽ നൽകുമെന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. എന്നാൽ വിതരണം ചെയ്ത 29 ലാപ്ടോപ്പുകളുടെ വാറണ്ടി സർട്ടിഫിക്കറ്റിൽ ES1 - 521 മോഡലിലുള്ള 9 ACER കമ്പ്യൂട്ടറും ( OEM വാറണ്ടി 1 വർഷം) HP കമ്പിനിയുടെ 20 കമ്പ്യൂട്ടറുകളും (OEM വാറണ്ടി 9 മാസം) വിതരണം ചെയ്യുന്നതായും ആയതിന് വിതരണ കമ്പിനിയുടെ 5 വർഷ വാറണ്ടി മാത്രമേ നൽകുന്നുള്ളുവെന്നും ആണ് സൂചിപ്പിച്ചിട്ടുള്ളത് . ദർഘാസ് സമർപ്പിച്ചതിന് ശേഷം ലാപ് ടോപ്പിന്റെ മോഡലും കമ്പനിയും വാറണ്ടിയും മാറിയതിന്റെ കാരണം വ്യക്തമാക്കാൻ എൻക്വയറിയിൽ ആവശ്യപ്പെട്ടിരുന്നെങ്കിലും വാറണ്ടി കാലയളവ് തുടർന്നുള്ള വർഷം സർക്കാർ തന്നെ മാറ്റം വരുത്തിയിട്ടുണ്ടെന്നും ACER കമ്പനിയുടെ ലാപ്പ്ടോപ്പ് ലഭ്യമല്ലാത്തതിനാലാണ് മറ്റൊരു കമ്പനിയുടെ ലാപ്പ്ടോപ്പ് വിതരണം ചെയ്തത് എന്നുള്ള മറുപടിയാണ് നൽകിയത്. ദർഘാസിൽ ഉറപ്പ് നൽകിയ ലാപ്പ്ടോപ്പിന്റെ കമ്പനിയും സ്പെസിഫിക്കേഷനും മോഡലും വാറണ്ടിയും മാറിയതിന് കൃത്യമായ വിശദീകരണം നൽകേണ്ടതാണ്. കൂടാതെ ACER കമ്പനിയുടെ

ലാപ്‌ടോപ്പ് ലഭ്യമായിരുന്നുവെങ്കിൽ കമ്പനിയുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

5. പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക്സ് വിഭാഗം എഞ്ചിനിയറുടെ 4-5-18 ലെKS - 752/P WD / 18 ഇൻസ്പെക്ഷൻ റിപ്പോർട്ട് പ്രകാരം ,വിതരണം ചെയ്ത കമ്പ്യൂട്ടറുകൾക്ക് OEM വാറണ്ടിയില്ലെന്നും 20 എണ്ണത്തിൽ CD ഡ്രൈവ് ഉൾപ്പെട്ടിട്ടില്ലെന്നും വ്യക്തമാണ്. മാത്രമല്ല വിതരണം ചെയത കമ്പ്യൂട്ടറുകളിൽ മൗസ് ഉൾപ്പെട്ടിട്ടില്ലാത്തതായി ഉപഭോക്താക്കളുമായി ടെലിഫോൺ മുഖാന്തിരം ബന്ധപ്പെട്ടപ്പോൾ വ്യക്തമായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ദർഘാസിൽ ഉറപ്പ് നൽകിയ മൗസിന്റെ വിതരണം വ്യക്തമല്ല. ആയതും 20 ലാപ് ടോപ്പിൽ CD ഡ്രൈവില്ലാത്തതും വിശദീകരിക്കണമെന്ന് എൻക്വയറിയിലാവശ്യപ്പെട്ടിരുന്നെങ്കിലും അപാകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും വിതരണം ചെയ്ത സ്ഥാപനത്തിന് കത്ത് നൽകിയിട്ടുണ്ടെന്നാണ് മറുപടി നൽകിയിട്ടുള്ളത്. മുഴുവൻ ഗുണഭോക്താക്കൾക്കും മൗസും CD ഡ്രൈവും വിതരണം ചെയ്യുന്നതുവരെ പദ്ധതിക്കായി ചെലവഴിച്ച 7,53,971/- രൂപ തടസ്സപ്പെടുത്തുന്നു.

**ഓഡിറ്റ് എൻക്വയറി നം-1/11.02.2020**

## 1-18 ഡിഗ്രി / പ്രൊഫഷണൽ കോഴ്സ് ചെയ്യുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം നഷ്ടം 10120/- രൂപ

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ ഡിഗ്രി / പ്രൊഫഷണൽ കോഴ്സ് ചെയ്യുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് [ പദ്ധതി.നം. 92/19] എന്ന പദ്ധതിയിൽ 1-10 - 18 -ലെ എ.എസ്സ്/ 105/18 നമ്പർ പ്രകാരം ഇ-ടെൻഡർ ക്ഷണിക്കുകയും 4-10 -18 ലെ ദേശാഭിമാനി പത്രത്തിൽ പരസ്യം നൽകുകയും ചെയ്തിട്ടുണ്ട്. ഇ-ടെൻഡർ പ്രകാരം 9 സ്ഥാപനങ്ങൾ ബിഡ്ഡിൽ പങ്കെടുക്കുകയും 2 എണ്ണം ഒഴികെ 7 സ്ഥാപനങ്ങൾ സ്പെസിഫിക്കേഷൻ അനുസരിച്ച് ദർഘാസ് ചെയ്യാത്തതിനാൽ നിരസിക്കുകയും ചെയ്തിട്ടുണ്ട്. സ്പെസിഫിക്കേഷൻ പ്രകാരം ബിഡ് സമർപ്പിച്ച ടെക്നോ വേൾഡ്, കെൽട്രോൺ എന്നീ സ്ഥാപനങ്ങളിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത (29,780/- രൂപ) ടെക്നോ വേൾഡ് എന്ന സ്ഥാപനത്തിന് ദർഘാസ് അനുവദിക്കാമെന്ന് നിർവ്വഹണോദ്യോഗസ്ഥയായ അസി.സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ 20-10-18 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1 (2) തീരുമാനപ്രകാരം കൂടുതൽ തുക ക്വാട്ട് ചെയ്ത ( 30,000/- രൂപ) കെൽട്രോണിന് ദർഘാസ് അനുവദിച്ചു. സർക്കാർ സ്ഥാപനമായതിനാലും വിൽപ്പനാനന്തര സേവനവും പരിഗണിച്ച് കെൽട്രോണിന് അനുവദിച്ചു എന്നാണ് കമ്മിറ്റി തീരുമാനത്തിൽ സൂചിപ്പിക്കുന്നത്. ആയത് ക്രമമല്ലാത്തതിനാൽ ഈ ഇനത്തിൽ 10,120/-രൂപയുടെ [ (30,000/- -29780 ) X 46] നഷ്ടം ഉണ്ടായതായി ഓഡിറ്റ് കണക്കാക്കുന്നു. [ബിൽ നമ്പർ- 7/18-19 തീയതി. 11/03/19. തുക 13,80,000/- ]ഈ വിഷയത്തിൽ കൃത്യമായ വിശദീകരണം ആവശ്യപ്പെട്ട് എൻക്വയറി നൽകിയിരുന്നെങ്കിലും മറുപടി നൽകിയില്ല.

20-12-18 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1 (2) തീരുമാനത്തിന് സെക്രട്ടറി യാതൊരു വിയോജനവും രേഖപ്പെടുത്താത്തതിനാൽ 10,120/- രൂപ സെക്രട്ടറി ശ്രീമതി. ടി.ഉഷാകുമാരിയിൽ നിന്നും ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നമ്പർ 2/12.02.2020**

## 1-19 റേറ്റ് കോൺട്രാക്ടിൽ ഇല്ലാത്ത ഇനം ടെൻഡർ നടപടി കൂടാതെ വാങ്ങി

ഹെഡ്മിസ്ട്രസ്സ് നിർവ്വഹണ ഉദ്ദ്യോഗസ്ഥയായ പട്ടികജാതി കുട്ടികൾക്ക് മേശയും കസേരയും പദ്ധതി പ്രകാരം (നം.112/19) വികസന ഫണ്ടിൽ നിന്നും 4,79,967/- രൂപ ചെലവഴിച്ച് 96 കസേരകളും 96 മേശയും സിഡ്കോയിൽ നിന്നും വാങ്ങിയിട്ടുണ്ട്. [ബിൽ നം.18/18-19 തീ.27-12-18] .വാങ്ങിയ കസേരകളുടെ സ്പെസിഫിക്കേഷൻ ചുവടെ ചേർക്കുന്നു.

Steel Cushion Chair (വില 96x749=71,904/-രൂപ)

എന്നാൽ 'സിഡ്കോ ' എന്ന സ്ഥാപനത്തിന് റേറ്റ് കോൺട്രാക്ട് അനുവദിച്ചിട്ടുള്ള സർക്കാർ ഉത്തരവ് (ആർ.ടി.) 33/17 എസ്.പി.ഡി. തീയതി 17- 6-17 ഉത്തരവിൽ ഈ ഇനം ഉൾപ്പെടുന്നില്ല. ഇതോടൊപ്പം വാങ്ങിയ മേശകൾ റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെടുന്നുണ്ട്. റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെടാത്ത ഇനങ്ങൾ സാധാരണ സ്റ്റോർ പർചേസ് നടപടിക്രമങ്ങളിലൂടെ മാത്രമേ വാങ്ങാവൂ എന്ന് പ്രസ്തുത ഉത്തരവിൽ സൂചിപ്പിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 6-നുള്ള മറുപടിയിൽ റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെടാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നാണ് ചേർത്തിട്ടുള്ളത്. ഭാവിയിൽ ഇത്തരം നടപടികൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 കരാറുകാരന്റെ സ്വന്തം മണ്ണ് കൊണ്ടുവന്നുനിറയ്ക്കൽ- ഉയർന്ന നിരക്ക് നൽകി.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരന്റെ സ്വന്തം മണ്ണ് കൊണ്ടുവന്നുനിറച്ചതിന് ഡി.എസ്.ആർ. കോഡ് 50.2.25.1 പ്രകാരം ക്യൂബിക് മീറ്ററിന് 460.77 രൂപ (കോസ്റ്റ് ഇൻഡക്സ്-1.4804 പ്രകാരം), 472.97/- രൂപ (കോസ്റ്റ് ഇൻഡക്സ്-1.5196 പ്രകാരം) എന്നീ നിരക്കുകളിൽ തുക നൽകിയിട്ടുണ്ട്. ഇടുങ്ങിയ കുഴികൾ, ഫൗണ്ടേഷന്റെ വശങ്ങൾ എന്നിവിടങ്ങളിൽ മണ്ണ് നിറയ്ക്കുന്നതിന് നൽകേണ്ട ഉയർന്ന നിരക്കാണ് ഇവിടെ നൽകിയിരിക്കുന്നത്. എന്നാൽ റോഡിന് സംരക്ഷണഭിത്തി, നടപ്പാത എന്നിവ നിർമ്മിക്കുന്ന ടി പ്രവൃത്തികളിൽ ബേസ്മെന്റ്, സൂപ്പർസ്ട്രക്ചർ എന്നിവ നിർമ്മിച്ച ശേഷം ഏകദേശം 2 മുതൽ 3.5 വരെ മീറ്റർ വീതിയിൽ റോഡ് ഉൾപ്പെടെയുള്ള ഭാഗത്ത് ഓപ്പൺ ഏരിയയിൽ മണ്ണ് നിറയ്ക്കലാണ് നടത്തിയിട്ടുള്ളത്. ഇതിന് അനുവദനീയമായത് ഓപ്പൺ

ഏരിയയിൽ മണ്ണ് നിറയ്ക്കലിന് ഡി.എസ്.ആർ. കോഡ് 50.2.26.1 പ്രകാരമുള്ള ക്യൂബിക് മീറ്ററിന് 294.97/- രൂപ(കോസ്റ്റ് ഇൻഡക്സ്-1.4804), 302.78/-രൂപ (കോസ്റ്റ് ഇൻഡക്സ്-1.5196) എന്നീ നിരക്കുകളാണ്.

ഉയർന്ന നിരക്ക് അനുവദിച്ചത് മൂലം അധികം നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു;

| ക്രമ നം. | പ്രോജക്റ്റിന്റെ വിശദാംശം | ചെയ്ത അളവ്-m3-ൽ | നൽകിയ നിരക്ക് | നൽകിയ തുക | അനുവദനീയമായ തുക | അധികം നൽകിയ തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1. | പ്രോജക്റ്റ് നം. : 209/19<br>പേര് : റീത്ത് പള്ളി ജം.-പറപ്പള്ളിക്കോണം ഏലാ റോഡിന് സംരക്ഷണഭിത്തി നിർമ്മാണവും റോഡ് കോൺക്രീറ്റിംഗും.<br>അടങ്കൽ:3,00,000/-<br>ഫണ്ടിനം : എസ്.സി.പി.ഫണ്ട്<br>സാങ്കേതികാനുമതി: നം.54254/5.8.17(റിവൈസ്ഡ്)<br>കരാർ നം.: 43/എ.ഇ./17-18/25.11.2017<br>കരാറുകാരൻ : ശ്രീ ജെയിംസ് (0.1%കുറവ്)<br>ചെലവ് : 2,93,221/-രൂപ<br>ബിൽ നം. 22/31.7.2018=2,06,462<br>ബിൽ നം. 61/21.12.2018=86,759<br>എം.ബുക്ക് നം. : 11/18-19 | 100.71 | 472.97 | 47585 | 30463 | 17122 | ടെണ്ടർ കുറവ് ക്രമീകരിച്ച ശേഷം |
| 2. | പ്രോജക്റ്റ് നം. : 201/19(സ്പിൽ ഓവർ)<br>പേര് : പുന്തലക്കോട് ഏലാ റോഡ് സംരക്ഷണഭിത്തി നിർമ്മാണവും റോഡ് കോൺക്രീറ്റിംഗും.<br>അടങ്കൽ:4,00,000/-<br>ഫണ്ടിനം : ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>സാങ്കേതികാനുമതി: നം.30608/24.7.17<br>കരാർ നം.: 22/എ.ഇ./17-18/22.11.2017<br>കരാറുകാരൻ : ശ്രീ ഷിജു.എസ് (0.1%കുറവ്)<br>ചെലവ് : 3,94,752/-രൂപ<br>ബിൽ നം. 54/17.1.2018=2,79,023 | 60.75 | 472.98 | 28705 | 18376 | 10329 | -ടി- |

| | | | | | | | |
|---|---|---|---|---|---|---|---|
| | ബിൽ നം.<br>57/20.12.2018=1,15,729<br>എം.ബുക്ക് നം. : 27/17-18 | | | | | | |
| 3. | പ്രോജക്റ്റ് നം. : 203/19(സ്പിൽ ഓവർ)<br>പേര് : ചെമ്പകശ്ശേരി-തെക്കേവിള റോഡ് സംരക്ഷണഭിത്തി നിർമ്മാണവും റോഡ് കോൺക്രീറ്റിംഗും.<br>അടങ്കൽ:4,00,000/-<br>ഫണ്ടിനം : ധനകാര്യ കമ്മീഷൻ ഗ്രാന്റ് =3,00,000<br>മെയിന്റനൻസ് ഗ്രാന്റ് = 1,00,000<br>സാങ്കേതികാനുമതി: നം.66349/22.8.17<br>കരാർ നം.: 42/എ.ഇ./17-18/24.11.2017<br>കരാറുകാരൻ : ശ്രീ രാജു.എൻ (എസ്റ്റിമേറ്റ് നിരക്ക്)<br>ചെലവ് : 3,99,279/-രൂപ<br>ബിൽ നം. 110/31.3.2018=99,279<br>ബിൽ നം. 13/26.6.2018=3,00,000<br>എം.ബുക്ക് നം. : 73/17-18 | 22.08 | 472.98 | 10443 | 6685 | 3758 | - |
| 4. | പ്രോജക്റ്റ് നം. : 65/19<br>പേര് : പൊരീക്കൽ ജയന്തികോളനി നടപ്പാത മെയിന്റനൻസ്<br>അടങ്കൽ:2,00,000/-<br>ഫണ്ടിനം : മെയിന്റനൻസ് ഗ്രാന്റ് (റോഡ്)<br>സാങ്കേതികാനുമതി: നം.24053/28.5.18<br>കരാർ നം.: 33/എ.ഇ./18-19/23.7.2018<br>കരാറുകാരൻ : ശ്രീ രാജു.എൻ (0.01% കുറവ്)<br>ചെലവ് : 1,86,847/-രൂപ<br>ബിൽ നം. 27/1.10.2018<br>എം.ബുക്ക് നം. : 22/18-19 | 37.034 | 460.77 | 17064 | 10924 | 6140 | - |
| | **ആകെ** | | | | | 37349 | |

അധിക നിരക്ക് അനുവദിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്,

ഫൗണ്ടേഷന്റെ വശങ്ങളിൽ മണ്ണ് നിറയ്ക്കൽ എന്ന് ഡി.എസ്.ആർ. കോഡ് 50.2.25.1- ൽ പരാമർശിക്കുന്നതുകൊണ്ടാണ് ഉയർന്ന നിരക്ക് നൽകിയത് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഫൗണ്ടേഷൻ കഴിഞ്ഞ് ബേസ്മെന്റ്, സൂപ്പർസ്ട്രക്ച്ചർ എന്നിവ നിർമ്മിച്ച ശേഷം റോഡ് ഉൾപ്പെടെയുള്ള ഭാഗത്ത് ഓപ്പൺ ഏരിയയിലാണ് മണ്ണ് നിറയ്ക്കൽ നടത്തിയിട്ടുള്ളത്. അതിനാൽ മറുപടി അംഗീകരിക്കാൻ കഴിയില്ല. അധികം നൽകിയ തുക ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം.5/12.2.2020, നം.14/17.2.2020.**

## 1-21 മരാമത്ത് പ്രവൃത്തികൾ- യഥാസമയം കരാർ വയ്കാതിരുന്നതിന് പിഴ ഈടാക്കിയില്ല.

അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പൊതുമരാമത്തു പ്രവൃത്തികളിൽ ടെണ്ടർ അംഗീകരിച്ച് കിട്ടിയ കരാറുകാർ യഥാസമയം കരാർ ഉടമ്പടി വച്ചിട്ടില്ല. 2012-ൽ പരിഷ്കരിച്ച പൊതുമരാമത്ത് മാന്വൽപ്രകാരം സെലക്ഷൻനോട്ടീസ് നല്കി 14 ദിവസത്തിനകം കരാർവയ്ക്കാതിരിക്കുന്നവർക്ക് കരാർതുകയുടെ 1% പിഴ ഈടാക്കികൊണ്ട് 10 ദിവസം കൂടി കരാർവയ്ക്കാൻ സമയം അനുവദിക്കാവുന്നതാണ്. എന്നാൽ താഴെ കൊടുത്തിരിക്കുന്ന മരാമത്ത് പ്രവൃത്തികളിൽ യഥാസമയം കരാർ വയ്ക്കാതിരുന്നവരിൽനിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്റ്റിന്റെ വിശദാംശം | സെലക്ഷൻനോട്ടീസ് തീയതി | നിയമാനുസൃതം കരാർ വയ്ക്കേണ്ട തീയതി | കരാർ തീയതി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|
| 1. | പ്രോജക്റ്റ്നം: 182/19 പ്രവത്തിയുടെ പേര്: കൈക്കുഴിക്കൽ റോഡ് റീടാറിംഗ് അടങ്കൽ: 6,00,000/- ഫണ്ടിനം: മെയിന്റനൻസ് ഗ്രാന്റ് (റോഡ്) കരാർനം: 6/ എ.ഇ./17-18/6.5.2017 കരാറുകാരൻ: | 28.3.2017 | 11.4.2017 | 6.5.2017 | 6,000 |

| | | | | | |
|---|---|---|---|---|---|
| | ശ്രീ വിശ്വംഭരൻ എം.ബുക്ക്നം. :88/17-18 ചെലവ്: 5,31,951/-രൂപ ബിൽനം: 3/22.5.2018 | | | | |
| 2. | പ്രോജക്റ്റ്നം: 216/19(സ്പിൽ ഓവർ) പ്രവത്തിയുടെ പേര്:കാരിക്കൽ ലക്ഷംവീട് കോളനി മിനിഹാൾ നിർമ്മാണം അടങ്കൽ: 4,00,000/- ഫണ്ടിനം: എസ്.സി.പി. കരാർനം: 96/ എ.ഇ./17-18/19.3.2018 കരാറുകാരൻ: ശ്രീ ഷിജു.എസ് ചെലവ്: 3,89,940/-രൂപ ബിൽനം: 17/31.7.2018 | 20.1.2018 | 3.2.2018 | 19.3.2018 | 4,000 |
| 3. | പ്രോജക്റ്റ്നം: 211/19(സ്പിൽ ഓവർ) പ്രവൃത്തിയുടെ | 20.1.2018 | 3.2.2018 | 19.3.2018 | 3,000 |

| | | | | | |
|---|---|---|---|---|---|
| | പേര്: പി.എച്ച്.സി.സബ് സെന്റർ നിർമ്മാണം അടങ്കൽ: 3,00,000/- ഫണ്ടിനം: മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) കരാർനം: 95/ എ.ഇ./17-18/19.3.2018 കരാറുകാരൻ: ശ്രീ ഷിജു.എസ് എം.ബുക്ക്നം. :7/18-19 ചെലവ്: 2,56,105/-രൂപ ബിൽനം: 18/31.7.2018 | | | | |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, ക്ലറിക്കൽ ജീവനക്കാരുടെ അപര്യാപ്തത മൂലം യഥാസമയം കരാർ വയ്ക്കാൻ കഴിഞ്ഞില്ല എന്ന് മറുപടി നൽകി. ഇത് അംഗീകരിക്കാൻ കഴിയില്ല. മേൽ സൂചിപ്പിച്ച പ്രകാരം പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം.3/12.2.2020**

## 1-22 മരാമത്ത് പ്രവൃത്തികൾ- പ്രവൃത്തി പൂർത്തിയാക്കിയതിൽ കാലതാമസം- പിഴ ഈടാക്കിയില്ല.

പ്രോജക്റ്റ് നം. : 205/19(സ്പിൽ ഓവർ)

പ്രവൃത്തിയുടെ പേര്: കോരായിക്കോട്- പാറവിള റോഡ് കോൺക്രീറ്റിംഗ്

അടങ്കൽ: 2,00,000/-

കരാർ തുക-1,99,800/-

ഫണ്ടിനം : ധനകാര്യ കമ്മീഷൻ ഗ്രാന്റ്

കരാർ നം.: 81/എ.ഇ./17-18/17.2.2018

കരാറുകാരൻ : ശ്രീ പി.സുരേന്ദ്രൻ.(0.01% കുറവ്)

എം.ബുക്ക് നം. :82/18-19

ചെലവ് : 1,92,425/-രൂപ

ബിൽ നം.: 99/ 18-19

അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ കോരായിക്കോട്-പാറവിള റോഡ് കോൺക്രീറ്റിംഗ് എന്ന പ്രവൃത്തിയ്ക്കായി മേൽ സൂചിപ്പിച്ച പ്രകാരം ആകെ 1,92,425/- രൂപ ചെലവഴിച്ചിട്ടുണ്ട്. 17.2.2018-ന് കരാർവെച്ച് സൈറ്റ് കൈമാറിയ പ്രവൃത്തി 16.5.2018-ന് പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തിയാക്കിയത് 25.2.2019- ന് ആണ്. കേരളാ പൊതുമരാമത്തു വകുപ്പ് മാന്വൽ(2012-ൽ പുതുക്കിയത്) ഖണ്ഡിക 2112-1 പ്രകാരം കരാറുകാരനായ ശ്രീ പി.സുരേന്ദ്രൻ കാലാവധി തീരുന്നതിന് മുമ്പ് ദീർഘിപ്പിക്കലിന് അപേക്ഷിക്കുകയോ ടിയാന് കാലാവധി നീട്ടി നൽകുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ ടി മാന്വൽ ഖണ്ഡിക 2116-1 പ്രകാരം കരാറുകാരനിൽനിന്നും കരാർ തുകയായ 1,99,800/- രൂപയുടെ 0.1% നിരക്കിൽ ഓരോ ആഴ്ചയ്ക്കും ലിക്വിഡേറ്റഡ് ഡാമേജായി ആകെ 8,192/- രൂപ ഈടാക്കേണ്ടതായിരുന്നു. എന്നാൽ ആയത് ഈടാക്കിയിട്ടില്ല. ടിയാനിൽ നിന്നും ഈടാക്കേണ്ട ലിക്വിഡേറ്റഡ് ഡാമേജിന്റെ വിശദാംശം ചുവടെ ചേർക്കുന്നു;

പ്രവൃത്തി പൂർത്തിയാക്കാൻ കാലതാമസം വരുത്തിയ ആകെ ആഴ്ചകൾ 41 (17.5.2018 മുതൽ 25.2.2019 വരെ)

ഈടാക്കേണ്ട ലിക്വിഡേറ്റഡ് ഡാമേജ് = 1,99,800x0.1%x41= 8,192/- രൂപ.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, പ്രവൃത്തി നടക്കുന്ന സ്ഥലത്ത് റോഡ് വീതി കൂട്ടുന്നതിന് നാട്ടുകാർ തടസ്സം നിന്നതുമൂലം കാലതാമസമുണ്ടായി എന്ന് മറുപടി നൽകി. എന്നാൽ ഇത് സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ മറുപടി അംഗീകരിക്കാൻ കഴിയില്ല. മേൽ സൂചിപ്പിച്ച പ്രകാരം ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം.8/13.2.2020**

## 1-23 റീടാറിംഗ് പ്രവൃത്തികൾ- ബാരലിന്റെ വില ഈടാക്കിയില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ചെയ്ത താഴെ പറയുന്ന റോഡ് റീടാറിംഗ് പ്രവൃത്തിയ്ക്ക് കരാറുകാരൻ വാങ്ങി ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ എന്നിവയ്ക്ക് ഡി.എസ്.ആർ.2016 പ്രകാരം പാക്ക്ഡ് ബിറ്റുമിനുള്ള നിരക്കാണ് കരാറുകാരന് നൽകിയിട്ടുള്ളത്. അതിനാൽ ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ എന്നിവയുടെ അളവിനനുസൃതമായി ബാരലിന്റെ വില കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. എന്നാൽ ആയത് ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ വിശദാംശം | ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ(കി.ഗ്രാം.) | ബാരലുകളുടെ എണ്ണം | ഈടാക്കേണ്ട വില(238/- രൂപ നിരക്കിൽ18% GST ഉൾപ്പടെ) |
|---|---|---|---|---|
| 1. | പ്രോജക്ട്നം: 182/19 പ്രവൃത്തിയുടെ പേര്: കൈക്കുഴിക്കൽ റോഡ് റീടാറിംഗ് അടങ്കൽ: 6,00,000/- ഫണ്ടിനം: മെയിന്റനൻസ് ഗ്രാന്റ് (റോഡ്) കരാർനം: 6/ എ.ഇ./17-18/6.5.2017 കരാറുകാരൻ: ശ്രീ.വിശ്വംഭരൻ എം.ബുക്ക്നം. :88/17-18 ചെലവ്: 5,31,951/-രൂപ ബിൽ നം: 3/22.5.2018 | 2088+105 | 14 | 3934 |
| 2. | പ്രോജക്ട് നം : 219/19(സ്പിൽ ഓവർ) പ്രവൃത്തിയുടെ പേര്: പ്ലാക്കാട്- | 2973+274 | 21 | 5901 |

| | | | | |
|---|---|---|---|---|
| | കൈതക്കോട് റോഡ് റീടാറിംഗ് അടങ്കൽ: 4,00,000/- ഫണ്ടിനം : ധനകാര്യ കമ്മീഷൻ ഗ്രാന്റ് കരാർനം: 49/ എ.ഇ./17-18/25.11.2017 കരാറുകാരൻ: ശ്രീ ജെയിംസ് എം.ബുക്ക് നം. :51/18-19 ചെലവ്: 3,77,808/-രൂപ ബിൽനം.: 63/29.12.2018 | | | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, ബന്ധപ്പെട്ട കരാറുകാരിൽനിന്നും ബാരലിന്റെ വില ഈടാക്കി ഒടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച പ്രകാരം ബാരലിന്റെ വില ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം.4/12.2.2020, 13/17.2.2020.**

## 1-24 മരാമത്ത് പ്രവൃത്തികൾ- ടെണ്ടർ നടപടിയുടെ മത്സരാധിഷ്ഠിതസ്വഭാവം നഷ്ടപ്പെടുന്നു.

2018-19 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 82 പ്രോജക്റ്റുകളിൽ ഉൾപ്പെടുത്തി സ്പിൽ ഓവർ ഉൾപ്പെട്ട വിവിധ പ്രവൃത്തികൾക്കായി ആകെ 2.14 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ഫയലുകൾ, ടെണ്ടർ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നടപടിയിൽ മാന്വൽ അനുശാസിക്കുന്ന മത്സരാധിഷ്ഠിത സ്വഭാവം ഉറപ്പുവരുത്താൻ ഗ്രാമപഞ്ചായത്തിന് കഴിയുന്നില്ല എന്ന് ഓഡിറ്റിൽ ബോധ്യപ്പെട്ടിട്ടുണ്ട്.

2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ വിവിധ തീയതികളിലായി ടെണ്ടറുകൾ

ക്ഷണിച്ചതിൽ ടി പ്രവൃത്തികൾക്കോരോന്നിനും തികച്ചും അസ്വാഭാവികമായി ആകെ രണ്ട് ടെണ്ടറുകൾ വീതമാണ് ലഭിച്ചിട്ടുള്ളത്. 50 മരാമത്ത് പ്രവൃത്തികൾക്കായി ടെണ്ടർ ക്ഷണിച്ചപ്പോഴും 10 പ്രവൃത്തികൾക്കായി ഇ-ടെണ്ടർ ക്ഷണിച്ചപ്പോഴും ലഭിച്ച ടെണ്ടറുകൾ 4.7.2018-ൽ തുറന്ന് പരിശോധിച്ചതിൽ ഓരോ പ്രവൃത്തിയ്ക്കും ആകെ രണ്ട് ടെണ്ടറുകൾ വീതമാണ് ലഭിച്ചിട്ടുള്ളത്. 9.8.2018, 22.11.2018, 7.1.2019, എന്നീ തീയതികളിൽ തുറന്ന് പരിശോധിച്ച ടെണ്ടറുകളുടെ കാര്യത്തിലും സ്ഥിതി വ്യത്യസ്തമല്ല. ടി പ്രവൃത്തികളുടെ കാര്യത്തിൽ എസ്റ്റിമേറ്റ് നിരക്കോ എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 0.1% / 0.01% /0.02% എന്നിങ്ങനെ നാമമാത്രമായ കുറവോ രേഖപ്പെടുത്തിയ ടെണ്ടറുകൾ അംഗീകരിക്കേണ്ടിവരികയാണ് ചെയ്തിട്ടുള്ളത്. ഓരോ ടെണ്ടറിലും പങ്കെടുത്ത് പുറത്താകുന്ന രണ്ടാമത്തെ കരാറുകാരന് തൊട്ടടുത്ത പ്രവൃത്തിയുടെ കരാർ മേൽ സൂചിപ്പിച്ച പ്രകാരം തന്നെ ലഭിക്കുകയും ചെയ്യുന്നു. കരാറുകാർക്കിടയിൽ ആരോഗ്യകരമായ മത്സരത്തിന് അവസരമൊരുക്കി ഗുണമേൻമയും ന്യായവും ലാഭകരവുമായ നിരക്കും ഉറപ്പുവരുത്തി പ്രവൃത്തി എൽപ്പിക്കുകയെന്ന ഉദ്ദേശ്യത്തോടെ വ്യാപകമായി പരസ്യം നൽകി മത്സരാധിഷ്ഠിതമായി നടത്തിയിട്ടുള്ള ടെണ്ടർ നടപടിയിലാണ് പ്രസ്തുത സാഹചര്യം സംജാതമായിട്ടുള്ളത്. ടെണ്ടർ നടപടിയുടെ ഉദ്ദേശ്യശുദ്ധിയ്ക്ക് വിരുദ്ധമായി ഏതാനും കരാറുകാർ പ്രവൃത്തികൾ നേടിയെടുത്തതായി തൻവർഷത്തെ ടെണ്ടർ സേവിംഗ്സിന്റെ കണക്കുകൾ വ്യക്തമാക്കുന്നു. വിവിധ പ്രവൃത്തികൾക്കായി തൻവർഷം ആകെ 2.14 കോടി രൂപ ചെലവഴിച്ചപ്പോൾ ടെണ്ടർ സേവിംഗ്സിനത്തിൽ ആകെ ലഭിച്ചത് 3.82 ലക്ഷം രൂപ മാത്രമാണ്. അതുതന്നെ ഇ-ടെണ്ടർ മുഖേന നടപ്പാക്കിയ പ്രവൃത്തികളിൽ നിന്നും ലഭിച്ചതാണ്. അതായത് മാന്വൽ ടെണ്ടർ നടപടിയിലൂടെ നാമമാത്രമായ ടെണ്ടർ സേവിംഗ്സ് മാത്രമാണ് ലഭിച്ചത് എന്ന് വ്യക്തം. പ്രാദേശികമായി കരാറുകാർക്കിടയിൽ നിലനിൽക്കുന്ന പരസ്പര ധാരണ മൂലം ടെണ്ടർ നടപടിയുടെ മത്സരാധിഷ്ഠിതസ്വഭാവം നഷ്ടപ്പെടുന്നു എന്നാണ് ഇത് തെളിയിക്കുന്നത്. ഇതിലേക്ക് അധികൃതരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-25 മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പുപദ്ധതി- കെ.ഐ.പി.കനാൽ/തോട് നവീകരണം - പൊതു സ്ഥലത്തുനിന്ന് ലഭിച്ച മണ്ണ് വേണ്ട രീതിയിൽ പ്രയോജനപ്പെടുത്തിയില്ല.

1. കോഡ് നം. : 319945

പ്രവൃത്തിയുടെ പേര്: കെ.ഐ.പി.കനാൽ നവീകരണം, വാർഡ് 5

അടങ്കൽ: 2,27,208/-

സാങ്കേതികാനുമതി നം. :313/18/15.10.2018

ചെലവ് : 2,23,350/-രൂപ

എം.ബുക്ക് നം.: 99/18

കുഴിച്ചെടുത്ത മണ്ണിന്റെ അളവ്: 925.90m3

2. കോഡ് നം. : 320419

പ്രവൃത്തിയുടെ പേര്: കെ.ഐ.പി.കനാൽ നവീകരണം, വാർഡ് 6
അടങ്കൽ: 2,84,829/-
സാങ്കേതികാനുമതി നം. :313/18/4.10.2018
ചെലവ് : 2,79,280/-രൂപ
എം.ബുക്ക് നം.: 82/18
കുഴിച്ചെടുത്ത മണ്ണിന്റെ അളവ്: 1372m3
3. കോഡ് നം. : 319947
പ്രവൃത്തിയുടെ പേര്: കെ.ഐ.പി.കനാൽ നവീകരണം, വാർഡ് 8
അടങ്കൽ: 2,60,350/-
സാങ്കേതികാനുമതി നം. :307/18/4.10.2018
ചെലവ് : 2,54,800/-രൂപ
എം.ബുക്ക് നം.: 86/18
കുഴിച്ചെടുത്ത മണ്ണിന്റെ അളവ്: 1149.4m3
4. കോഡ് നം. : 319943
പ്രവൃത്തിയുടെ പേര്: കെ.ഐ.പി.കനാൽ നവീകരണം, വാർഡ് 4
അടങ്കൽ: 2,27,208/-
സാങ്കേതികാനുമതി നം. :317/18/15.10.2018
ചെലവ് : 2,18,900/-രൂപ
എം.ബുക്ക് നം.: 98/18
കുഴിച്ചെടുത്ത മണ്ണിന്റെ അളവ്: 925.90m3
5. കോഡ് നം. : 320418
പ്രവൃത്തിയുടെ പേര്: കെ.ഐ.പി.കനാൽ നവീകരണം, വാർഡ് 3
അടങ്കൽ: 1,74,638/-
സാങ്കേതികാനുമതി നം. :314/18/15.10.2018
ചെലവ് : 1,66,734/-രൂപ
എം.ബുക്ക് നം.: 95/18
കുഴിച്ചെടുത്ത മണ്ണിന്റെ അളവ്: 847.50m3
6. കോഡ് നം. : 301762
പ്രവൃത്തിയുടെ പേര്: തോടുകളുടെ നവീകരണം, വാർഡ് 6
അടങ്കൽ: 2,59,604/-
സാങ്കേതികാനുമതി നം. :6/18/23.4.2018
ചെലവ് : 2,54,845/-രൂപ
എം.ബുക്ക് നം.: 13/18
കുഴിച്ചെടുത്ത മണ്ണിന്റെ അളവ്: 2116.60m3
7. കോഡ് നം. : 324671
പ്രവൃത്തിയുടെ പേര്: തോട് നവീകരണം(ഇലവിള മറ്റത്ത് തോട് ) വാർഡ് 64

അടങ്കൽ: 1,21,100/-
സാങ്കേതികാനുമതി നം. :418/19/17.12.2018
ചെലവ് : 1,14,675/-രൂപ
എം.ബുക്ക് നം.: 127/18
കുഴിച്ചെടുത്ത മണ്ണിന്റെ അളവ്: 873m3
8. കോഡ് നം. : 306390
പ്രവൃത്തിയുടെ പേര്: തോട് നവീകരണം, വാർഡ് 9
അടങ്കൽ: 1,65,084/-
സാങ്കേതികാനുമതി നം. :296/18/4.10.2018
ചെലവ് : 1,54,480/-രൂപ
എം.ബുക്ക് നം.: 13/18
കുഴിച്ചെടുത്ത മണ്ണിന്റെ അളവ്: 602.10m3

അക്രഡിറ്റഡ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പപദ്ധതിയുടെ ഭാഗമായി ചെയ്ത കനാൽ/തോട് നവീകരണ പ്രവൃത്തികളിൽ പരിശോധനയ്ക്ക് വിധേയമാക്കിയ മേൽ സൂചിപ്പിച്ച പ്രവൃത്തികളിൽ നിന്നും ആകെ 8,812.4ക്യൂബിക് മീറ്റർ മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. പ്രസ്തുത മണ്ണ് സ്റ്റോക്കിലെടുത്തതായോ അതിന്റെ വിനിയോഗം സംബന്ധിച്ചോ അളവുപുസ്തകത്തിൽ രേഖപ്പെടുത്തലില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് താഴെ പറയും പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്;
"കുഴിച്ചെടുത്ത മണ്ണിൽ വേസ്റ്റുകളും അഴുക്ക് ചരലും മറ്റുമാണ്, ഉപയോഗയോഗ്യമായ മണ്ണ് ഉണ്ടായിരുന്നില്ല. 10 വാർഡിലായി കടന്നുപോകുന്ന കനാലുകളും തോടുകളും ഉൾപ്രദേശങ്ങളിലായതിനാൽ ഇവ പുറത്തേക്ക് കൊണ്ടുപോകാൻ കഴിയാത്ത സ്ഥലങ്ങളാണ്. ചരൽ ചേർന്ന മണ്ണ് തോട് പൊട്ടിയ ഭാഗത്ത് ബണ്ട് നിർമ്മിക്കാൻ ഉപയോഗിച്ചു."
എന്നാൽ മേൽ സൂചിപ്പിച്ച മറുപടിയെ സാധൂകരിക്കുന്ന രേഖപ്പെടുത്തലുകൾ എം.ബുക്കിൽ ഇല്ല. സാധാരണ മണ്ണും കട്ടിയുള്ള മണ്ണും ഉൾപ്പെടെ കുഴിച്ചെടുത്ത് സ്റ്റോക്ക് ചെയ്യുന്നതിനുള്ള നിരക്കാണ് പ്രസ്തുത പ്രവൃത്തികൾക്ക് നൽകിയിട്ടുള്ളത്. ടി പ്രവൃത്തികളിൽ പല ഭാഗത്തും 0.9 മീറ്റർ വരെ ആഴത്തിൽ മൺപണി നടത്തിയിട്ടുമുണ്ട്. കൂടാതെ കുഴിച്ചെടുത്ത മണ്ണ് കരയിൽ തന്നെ നിക്ഷേപിക്കുന്നതുമൂലം ഇത് മഴക്കാലത്ത് തോടിലേക്കും കനാലിലേക്കും ഒലിച്ചിറങ്ങി നവീകരണ പ്രവൃത്തിയുടെ ഫലം തന്നെ ഇല്ലാതാക്കുകയും ചെയ്യുന്നു.
ടി പ്രവൃത്തിയിൽ നിന്ന് ലഭിച്ച മണ്ണ് ഉപയോഗയോഗ്യവും അല്ലാത്തതുമായി വേർതിരിച്ച് പ്രത്യേകമായി സ്റ്റോക്ക് ചെയ്യുകയും ആയത് അളവുപുസ്തകത്തിൽ രേഖപ്പെടുത്തി വരവിലെടുത്ത് ഗ്രാമപഞ്ചായത്തിനെ അറിയിയ്ക്കുകയും ചെയ്യേണ്ടിയിരുന്നു. ഇക്കാര്യത്തിൽ നിർവ്വഹണോദ്യോഗസ്ഥന്റെ ഭാഗത്ത് വീഴ്ച ഉണ്ടായിട്ടുണ്ട്.

പഞ്ചായത്തിന്റെ ആസ്തിയിൽപ്പെട്ട പൊതുസ്ഥലത്തുനിന്നും ലഭിക്കുന്ന മണ്ണ് മേൽ സൂചിപ്പിച്ച നടപടിക്രമങ്ങൾ പാലിച്ച് ലേലം ചെയ്യുകയോ പഞ്ചായത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുയോ ചെയ്യുന്നതിന് മേലിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 പഞ്ചായത്ത് ഓഫീസിലെ ജനറേറ്ററിന് ഇന്ധനം വാങ്ങൽ- ലോഗ്ബുക്ക് ഹാജരാക്കിയില്ല

പഞ്ചായത്ത് ഓഫീസിലെ ജനറേറ്ററിന് ഇന്ധനം വാങ്ങിയ ഇനത്തിൽ ചുവടെ ചേർക്കുന്ന വൗച്ചറുകൾ പ്രകാരം ചെലവുണ്ട് .

| വൗച്ചർ നമ്പർ | തീയതി | തുക |
|---|---|---|
| 21800044 | 13-4-18 | 751 |
| 21800113 | 9-5-18 | 2334 |
| 21800227 | 13-6-18 | 821 |
| 21800305 | 19-7-18 | 305 |
| 21800384 | 13-8-18 | 2368 |
| 21800463 | 11-9-18 | 1603 |
| 21800565 | 9-10-18 | 859 |
| 21800662 | 8-11-18 | 848 |
| 21800754 | 21-12-18 | 804 |
| 21801134 | 16-2-19 | 717 |
| | ആകെ | 11410 |

ഇന്ധന ചെലവ് പരിശോധിക്കുന്നതിന് ഇതു സംബന്ധിച്ച ലോഗ്ബുക്ക് ഹാജരാക്കേണ്ടതാണെന്ന് ഓഡിറ്റ് എൻക്വയറി20-ൽ ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി നൽകുകയോ ലോഗ് ബുക്ക് ഹാജരാക്കുകയോ ചെയ്തില്ല . ആയതിനാൽ 11,410/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-27 അംഗനവാടി ജീവനക്കാർക്ക് അധിക വേതനം രേഖകൾ ഹാജരാക്കിയില്ല. തടസ്സം 7,27,550 /- രൂപ

ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അംഗനവാടി ജീവനക്കാർക്ക് അധിക വേതനം പദ്ധതിയിൽ (79/19) വികസന ഫണ്ടിൽ നിന്ന് 1494050/- രൂപ ഓഡിറ്റ് വർഷം ചെലവഴിച്ചിട്ടുണ്ട്.

ബിൽ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ/ചെക്ക് നമ്പർ | തീയതി | തുക |
|---|---|---|
| 2/18-19 | 29-9-18 | 534300 |
| 6/18-19 | 29-11-18 | 145037 |

| | | |
|---|---|---|
| 8/18-19 | 29-11-18 | 12000 |
| 12/18-19 | 25-3-19 | 36213 |
| 11/18-19 | 23-1-19 | 766500 |
| | ആകെ | 1494050 |

ഇതിൽ ബിൽ 11/18-19 തീ23 - 1 - 19പ്രകാരം പിൻവലിച്ച തുക 2235- 02 - 102 - 05-00-00 എന്ന ശീർഷകത്തിലേക്ക് അടച്ചിട്ടുണ്ട്. 727550/- രൂപ അംഗനവാടി ജീവനക്കാർക്ക് വിതരണം ചെയ്തിരിക്കുകയാണ്. ഈ ചെലവിന്റെ ബില്ലുകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. അംഗനവാടി ജീവനക്കാരുടെ അറ്റൻഡൻസോ, ശമ്പള വിതരണ വിവരങ്ങളോ ഹാജരാക്കിയില്ല. ഓരോ ജീവനക്കാർക്കും എത്ര തുക വിതരണം ചെയ്തുവെന്നും വ്യക്തമല്ല. ദിവസവേതനത്തിലുള്ള ജീവനക്കാർ എത്ര ദിവസം ജോലി ചെയ്തു എന്ന വിവരം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 24-ന് മറുപടി നൽകിയില്ല. രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക 7,27,550 /- രൂപ തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറി നം.24/18.02.20

## 1-28 ആർജ്ജിതാവധി പണമാക്കൽ രേഖകൾ ഹാജരാക്കിയില്ല

പഞ്ചായത്ത് ജീവനക്കാർക്ക് 2018-19 സാമ്പത്തികവർഷം ആർജ്ജിതാവധി പണമാക്കാൻ അനുവദിച്ചിട്ടുണ്ട്. വൗച്ചർ നമ്പർ.201800031/32 തീയതി 11-4-18 പ്രകാരം 2,50,932/- രൂപ ഈ ഇനത്തിൽ ചെലവഴിച്ചിട്ടുമുണ്ട്. എന്നാൽ ബിൽ ഹാജരാക്കിയെങ്കിലും, ജീവനക്കാരുടെ അവധി അപേക്ഷ, ഉത്തരവ് എന്നിവയോ ബന്ധപ്പെട്ട ഫയലോ ഹാജരാക്കിയില്ല. ആയത് ഹാജരാക്കുന്നത് വരെ ചെലവ്തുക 2,50,932/- രൂപ തടസ്സപ്പെടുത്തുന്നു .

## 1-29 ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് അധികമായി അനുവദിച്ച 60420/-. രൂപ നിരാകരിക്കുന്നു

ഐ.സി.ഡി.എസ്സ് സൂപ്പർവൈസർ നിർവഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് പദ്ധതിയിൽ (22/19) 3,97,920/- രൂപ ഓഡിറ്റ് വർഷം ചെലവഴിച്ചിട്ടുണ്ട്. ബിൽ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ / ചെക്ക് നമ്പർ | തീയതി | തുക | |
|---|---|---|---|
| 3/18-19 | 29-11-18 | 118900 | വി.ഫണ്ട് |
| 14/18-19 | 25-3-19 | 81100 | വി.ഫണ്ട് |
| | | | |

| | | | |
|---|---|---|---|
| 1299352 | 28-3-19 | 97920 | ബ്ളോക്ക് പഞ്ചായത്ത് വിഹിതം |
| 1299351 | 28-3-19 | 100000 | ജില്ലാ പഞ്ചായത്ത് വിഹിതം |
| | ആകെ | 397920 | |

രേഖകളായി ബില്ലുകളും മെഡിക്കൽ സർട്ടിഫിക്കറ്റും ബാങ്ക് അക്കൗണ്ട് വിവരങ്ങളും മാത്രമാണ് നിർവ്വഹണ ഉദ്യോഗസ്ഥ ഹാജരാക്കിയിട്ടുള്ളത്.വിവിധ ഇനങ്ങൾക്കുള്ള വൗച്ചറുകൾ ഹാജരാക്കിയിട്ടില്ല. എല്ലാ ഇനങ്ങൾക്കുമുള്ള തുക അനുവദിക്കുകയാണെങ്കിൽ മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പരമാവധി 28,500/- രൂപയും ,ശാരീരിക വെല്ലുവിളി നേരിടുന്ന ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് (ഡേ സ്കോളർ) 8,000/- രൂപയുമാണ് നൽകാവുന്നത് (സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7. 6.1)

എന്നാൽ ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് അനുവദിക്കാവുന്ന പരമാവധി തുകയിൽ അധികരിച്ച് ആനുകൂല്യം വിതരണം ചെയ്തതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | വിദ്യാർത്ഥിയുടെ പേര് | ക്ലാസ്സ് | അനുവദിച്ച തുക | അനുവദിക്കാവുന്ന പരമാവധി തുക | അധികം അനുവദിച്ച തുക |
|---|---|---|---|---|---|
| 1 | ആദർശ്.ആർ | 9 | 17,000/- | 8,000/- | 9,000/- |
| 2 | റിനിമോൾ റജി | 9 | 12,000/- | 8,000/- | 4,000/- |
| 3 | അനൂപ് | ബിരുദം | 20,670/- | 13,000/- | 7,670/- |
| 4 | നന്ദനഉദയ് | 6 | 8,750/- | 6,600/- | 2,150/- |
| 5 | അഭിരാമി | 7 | 8,700/- | 6,600/- | 2,100/- |
| 6 | കീർത്തി | 9 | 17,000/- | 8,000/- | 9,000/- |
| 7 | അക്ഷ സജി | ബിരുദം | 27,000/- | 13,000/- | 14,000/- |
| 8 | അഭിജിത്ത് | 8 | 12,100/- | 6,600/- | 5,500/- |
| 9 | ഐശ്വര്യ | 9 | 15,000/- | 8,000/- | 7,000/- |
| | | | | ആകെ | **60,420/-** |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി 23-ന് മറുപടി നൽകിയിട്ടില്ല. ഒരേ സ്വഭാവത്തിലുള്ള ഭിന്നശേഷിയുള്ള കുട്ടികൾക്ക് വ്യത്യസ്ത നിരക്കിൽ ആനുകൂല്യം വിതരണം ചെയ്തത് ക്രമമല്ല. ആനുകൂല്യ വിതരണത്തിൽ ഫണ്ടിന്റെ ലഭ്യതയ്ക്കും അർഹതയ്ക്കും അനുസൃതമായ ഏകീകൃത നിരക്ക് നൽകാത്തതിന് നിർവ്വഹണോദ്യോഗസ്ഥ വിശദീകരണം നൽകേണ്ടതാണ്. ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് അധികമായി അനുവദിച്ച 60,420/-. രൂപ ഗുണഭോക്താക്കളിൽ

നിന്നോ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നോ തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം-23/18.02.20**

## 1-30 അനുപൂരക പോഷക പരിപാടി സാമഗ്രികളുടെ വിതരണത്തിലും വാങ്ങൽ നടപടികളിലും പൊരുത്തക്കേടുകൾ

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ അനുപൂരക പോഷക പരിപാടി ( ജനറൽ 20 / 19 ), അനുപൂരക പോഷക പരിപാടി (എസ്.സി.പി.21/19) എന്നീ പദ്ധതികളിലായി ആകെ 15,58,119/- രൂപ ഓഡിറ്റ് വർഷം ചെലവഴിച്ചിട്ടുണ്ട്.ഇതിൽ 9,86,974/- രൂപ പൊതു വിഭാഗം പദ്ധതിക്കും 571,145/- രൂപ എസ്.സി വിഭാഗത്തിനുമാണ് ചെലവഴിച്ചത്.

ബിൽ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ബിൽ / ചെക്ക് നമ്പർ | തീയതി | തുക | റി മാർക്സ് |
|---|---|---|---|
| 1-/18-19 | 19-9-18 | 469691 | |
| 4/18-19 | 29-11-18 | 100186 | |
| 9/18-19 | 29-11-19 | 127228 | scp |
| 16/18-19 | 25-3-19 | 11958 | |
| 5/18-19 | 29-11-18 | 243917 | scp |
| 10/18-19 | 22-11-18 | 18165 | |
| 7246610 | 28-3-19 | 77216 | കേന്ദ്രവിഹിതം |
| 7246611 | 28-03-19 | 209758 | |
| 1299351 | 28-3-19 | 100000 | |
| 1299350 | 28-3-19 | 200000 | scp |
| | ആകെ | 1558119 | |

ഈ പദ്ധതികളിൽ ചുവടെ സൂചിപ്പിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി-27 ന് മറുപടി നൽകിയില്ല.

**1) സാധനങ്ങളുടെ കടത്ത് കൂലി ക്വട്ടേഷൻ നടപടികൾ ഹാജരാക്കിയില്ല.**

ഭക്ഷ്യ സാമഗ്രികൾ വിവിധ അംഗനവാടികളിൽ വിതരണം നടത്തുന്നതിന് കടത്തുകൂലിയാ യി വിവിധ ബില്ലുകളിലായി ചുവടെ ചേർത്തിരിക്കുന്ന പ്രകാരം തുകകൾ അനുവദിച്ചിട്ടുണ്ട്.

| | | | | | |
|---|---|---|---|---|---|
| | | | | | |

| ബിൽ / ചെക്ക് നമ്പർ | തീയതി | തുക. | കടത്ത് കൂലിക്കായി അനുവദിച്ചത് | വാഹന ഉടമയുടെ പേര് | റിമാർക്സ് |
|---|---|---|---|---|---|
| 1/18-19 | 19-9-18 | 469691 | 16149 | ~~കനകരാജൻ~~ | KL61 A 227 |
| | | | | | |
| 1299350 | 28-3-19 | 200000 | 14117 | അനൂപ് | KL24.R 1148 |
| 10/18-19 | 22-11-18 | 18165 | 18165 | അനൂപ് | KL24.R 1148 |
| | | ആകെ | 48431 | | |

ക്വട്ടേഷൻ നടപടികളും ആയതിന്റെ കമ്മറ്റി തീരുമാനവും ഹാജരാക്കുന്നത് വരെ 48,431/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**2. ആക്ടിവിറ്റി ഗ്രൂപ്പിന് വിവിധ ബില്ലുകളിലായി ആവശ്യപ്പെട്ടതിലും കൂടുതൽ തുക അനുവദിച്ചു. നഷ്ടം 71,389/- രൂപ**

ഓഡിറ്റ് വർഷം ടി.എച്ച്.ആർ.എസ് വിതരണം ചെയ്യുതിനും മുൻ വർഷങ്ങളിലെ ജി.എസ്.ടി. കുടിശ്ശിക അനുവദിക്കുന്നതിനുമായി ടെൻസ്റ്റാർ ആക്ടിവിറ്റി ഗ്രൂപ്പ് എന്ന സ്ഥാപനത്തിന് ചുവടെ സൂചിപ്പിക്കും പ്രകാരം നൽകിയ തുകകളിൽ ഇരട്ടിപ്പ് ഉണ്ടായിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | ബിൽ / ചെക്ക് നമ്പർ | തീയതി | തുക | ഇൻവോയ്സ് നമ്പർ / തീയതി | അനുവദനീയമായ നിരക്ക്/തുക | അധികം നൽകിയ തുക. |
|---|---|---|---|---|---|---|
| 1 | 724661 | 28-3-19 | 209758 | 163/22-10-18 51935/-രൂപ | 279650x18%=50337 | 1598/- |
| | | | | 164/22-1-18 12670/-രൂപ | 253400x5%=12670 | 0 |
| | | | | 178/22-12-18 121170/-രൂപ | 121170ൽ 11958 രൂപ ബിൽ നം.16/18-19 പ്രകാരം നൽകി. ബാക്കി 1,09,212 /-രൂപ നൽകണം<br>എന്നാൽ 1,45,153/- നൽകി | 35941/- |
| 2 | 129935 | 28-3-19 | 100000 | 285/26-3-19 66150/-രൂപ | | 0 |
| | | | | 163/22-10-18 | ഈ ബിൽ തുക പൂർണ്ണമായി | 33850/- |

| | | | | |
|---|---|---|---|---|
| | | 51935/-രൂപ | ചെക്ക് നമ്പർ 7246611 പ്രകാരം നൽകിയിട്ടുണ്ട്(100000-66150= 33850) | |
| | | | ആകെ | 71389/- |

അധികം നൽകിയ തുക 71,389/- രൂപ ടെൻസ്റ്റാർ ആക്ടിവിറ്റി ഗ്രൂപ്പ്, തഴവ യിൽ നിന്നോ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നോ ഈടാക്കേണ്ടതാണ്.

**3. വാങ്ങിയ സാധനസാമഗ്രികൾ സ്റ്റോക്കിലെടുക്കുന്നതും വിതരണം നടത്തിയതും സംബന്ധിച്ച് കൃത്യമായ രേഖകളില്ല**

വിവിധ ഇൻവോയ്സ് പ്രകാരം വാങ്ങിയ സാധനങ്ങൾ കൃത്യമായി സ്റ്റോക്കിലെടുക്കുകയോ വിതരണം നടത്തുകയോ ചെയ്തിട്ടില്ല. വിവിധ ബില്ലുകൾ പ്രകാരം വാങ്ങിയ സാധനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നമ്പർ | ബിൽ / ചെക്ക് നമ്പർ | തീയതി | തുക | ഇൻവോയ്സ് നമ്പർ | / തീയതി | തുക |
|---|---|---|---|---|---|---|
| 1 | 1/18-19 | 19.9.18 | 469691 | 2003117/1865 | 22.6.18 | 0 |
| | | | | 0203117/1866 | 23.6.18 | 45257 |
| | | | | 0203117/1899 | 31.7.18 | 247439 |
| | | | | THRS/97 | 27.7,18 | 127228 |
| 2 | 4/18-19 | 29.11.18 | 100186 | 0203117/18239 | 22.11.18 | 7194.25 |
| | | | | 0203117/18237 | 22.11.18 | 82394.85 |
| | | | | 0203117/18238 | 22.11.18 | 10598.70 |
| 3 | 9/18-19 | 29.11.18 | 127128 | 129/THRS | 26.10.18 | 127228 |
| 4 | 16/18-19 | 25.3.19 | 11958 | 178/THRS | 22.12.18 | 127228 |
| 5 | 5/18-19 | 29.11.18 | 243917 | 0203117/18236 | 22.11.18 | 243917.31 |
| 6 | 1299351 | 28.3.19 | 100000 | 285/THRS | 26.3.19 | 66150 |
| 7 | 1299350 | 28.3.19 | 200000 | 0203117/18311 | 31.12.18 | 13790 |
| 8 | 724611 | 28.3.19 | 209758 | 178/THRS | 22.12.18 | 121170 |
| | | | | | ആകെ | 1092361.11 |

സ്റ്റോക്കിലെടുത്തതിന്റെയും വിതരണത്തിന്റെയും രേഖകൾ ഹാജരാക്കുന്നതുവരെ 10,92,361/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു .

നിരാകരണം-71,389/- രൂപ

തടസ്സം -11,40,792/-രൂപ

**ഓഡിറ്റ് എൻക്വയറി നം-27/19.2.20**

## 1-31 ലൈഫ് ഭവന പദ്ധതി ഒന്നാം ഗഡു കൈപ്പറ്റിയ ശേഷം നാളിതുവരെ പണി പൂർത്തിയാക്കിയില്ല

വി.ഇ.ഒ.നിർവ്വഹണോദ്യോഗസ്ഥയായ നടപ്പിലാക്കിയ ലൈഫ് ഭവനപദ്ധതി ജനറൽ (90/19) ,ലൈഫ് ഭവന പദ്ധതി എസ്.സി.പി. (50/19) എന്നീ പദ്ധതികളിൽ ഭവന നിർമ്മാണത്തിനായി കരാറിൽ ഏർപ്പെട്ട് ആദ്യ ഗഡു കൈപ്പറ്റിയ ശേഷം ഒന്നാം ഘട്ടം പണി പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടു.

വിശദ വിവരം ചുവടെ ചേർക്കുന്നു

| ക്രമനമ്പർ | ഗുണഭോക്താവിൻ്റെ പേര് | അനുവദിച്ച തുക | റിമാർക്സ് |
|---|---|---|---|
| 1 | നിർമ്മല, ആര്യഭവൻ, ചെറു പൊയ്ക തെക്ക് | 40000 | |
| 2 | ചെമ്പകകുട്ടി, പനാറുവിള വടക്കതിൽ, ചെറുപൊയ്ക | 40000 | |
| 3 | റാഹേൽ, മാനവിള, ചെറു പൊയ്ക | 40000 | രണ്ട് പേർ രോഗികൾ |
| 4 | കുമാരി, ആതിര ഭവനം, കാരുവേലിൽ പി.ഒ. | 40000 | ഒന്നാം ഘട്ടം പൂർത്തിയാക്കി ,ഇ.എം.എസ് ഭവനപദ്ധതിയിൽ വീട് ലഭിച്ചയാളാണ്. ആയത് വിറ്റു. |

ഈ ഗുണഭോക്താക്കൾക്കെതിരെ എടുത്ത നടപടികളുടെ വിവരങ്ങൾ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി 12-നുള്ള മറുപടി എല്ലാ ഉപഭോക്താക്കൾക്കും 2 തവണ രജിസ്റ്റേർഡ് നോട്ടീസ് അയച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. പണി പൂർത്തിയാക്കാൻ പഞ്ചായത്ത് കമ്മറ്റിയുടെ ഇടപെടലുകൾ ഉണ്ടാകേണ്ടതും അല്ലാത്ത പക്ഷം അനുവദിച്ച തുക തിരികെ പിടിക്കേണ്ടതുമാണ്.

**ഓഡിറ്റ് എൻക്വയറി നം-12/17.2.20**

## 1-32 ഇന്ധനത്തിന്റെ വിവരങ്ങൾ ലോഗ്ബുക്കിൽ ചേർത്തില്ല.

പഞ്ചായത്ത് വാഹനത്തിന് ഇന്ധനം നിറച്ച ഇനത്തിൽ ചുവടെ സൂചിപ്പിക്കുന്ന ബിൽ പ്രകാരമുള്ള ഇന്ധനത്തിന്റെ വിവരം അതാത് തീയതിയിലെ ലോഗ്ബുക്കിൽ ചേർത്തതായി കാണുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു

| വൗച്ചർ/ചെക്ക് നമ്പർ | തീയതി | തുക | നിറച്ച ഇന്ധനത്തിന്റെ അളവ് | ഇന്ധനം നിറച്ച തീയതി | വില. |
|---|---|---|---|---|---|
| 21800382 | 13-8-18 | 12009 | 35 Ltr | 9-7-18 | 2536.45 |
| 21800382 | 13-8-18 | 12009 | 10 Ltr | 13-7-18 | 728.40 |
| 21801036 | 28-1-19 | 7986 | 26 Ltr | 18-12-18 | 1792.18 |
| | | | | ആകെ. | 5057 |

ലോഗ്ബുക്കിൽ ഇന്ധനത്തിന്റെ വിവരം ചേർക്കുന്നത് ഉത്തരവാദപ്പെട്ടവർ ആരും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. വ്യക്തമായ മീറ്റർ റീഡിംഗ് വാഹനം ഓടുന്നതിനു മുമ്പും ശേഷവും രേഖപ്പെടുത്തുന്നില്ല. രേഖപ്പെടുത്തിയത് കൃത്യമായി സാക്ഷ്യപ്പെടുത്തുന്നതുമില്ല.ഇന്ധനത്തിന്റെ വിവരങ്ങൾ ലോഗ്ബുക്കിൽ ചേർക്കാത്തതിനാൽ ചെലവ് നിരാകരിക്കുന്നതാണ്.

ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി 19-ന് മറുപടി നൽകിയില്ല. കൃത്യമായ വിശദീകരണം നൽകാത്ത പക്ഷം 5,057/- രൂപയുടെ ചെലവ് നിരാകരിക്കുന്നതാണ്.

**ഓഡിറ്റ് എൻക്വയറി നം-19/18.2.20**

## 1-33 പവിത്രേശ്വരം മഹാത്മജി മെമ്മോറിയൽ ലൈബ്രറിക്ക് കമ്പ്യൂട്ടറും ഫർണ്ണീച്ചറും വാങ്ങൽ അപാകതകൾ-

പ്രോജക്ട് നം - 236/19

അടങ്കൽ - 75000/-

ചെലവ് തുക - 55100/-

ബിൽ നം -തുക- 42/18-19 dt 28/3/19

പവിത്രേശ്വരം മഹാത്മജി മെമ്മോറിയൽ ലൈബ്രറിക്ക് കമ്പ്യൂട്ടറും ഫർണ്ണീച്ചറും വാങ്ങൽ എന്ന പദ്ധതിക്ക് വേണ്ടി കംപ്യൂട്ടർ , കംപ്യൂട്ടർമേശ, യു പി എസ്, കസേര എന്നിവ വാങ്ങുന്നതിന് 6-7-18 -ൽ ടെൻഡർ വിളിക്കുകയും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത എഫ് വൺ സൊല്യൂഷൻസിന്റെ 49200/- രൂപയുടെ നിരക്ക് കമ്മറ്റി അംഗീകരിക്കുകയും ചെയ്തു. ഇതിൻ പ്രകാരമുള്ള സപ്ളൈ ഓർഡർ 29-10-18,27-11-18

എന്നീ തീയതികളിൽ എഫ് വൺ സൊല്യൂഷൻസിന് നല്കിയതായി ഫയലിൽ രേഖകളുണ്ടെങ്കിലും ഡെസ്പാച്ച് രജിസ്റ്റർ പ്രകാരം ടി കത്തുകൾ അയച്ചിട്ടില്ല. പിന്നീട് 5-2-19 ൽ സെക്രട്ടറിയുടെ A4 /165/18 നം കത്ത് പ്രകാരംടെൻഡർ അംഗീകരിച്ചതായും ഇഎം ഡി ഒഴിവാക്കുന്നതിന് ആവശ്യമായ സർട്ടിഫിക്കറ്റുകൾ ഹാജരാക്കി കരാർ വയ്ക്കണമെന്ന് അറിയിച്ചിരിക്കുന്നു . പ്രസ്തുത കത്ത് ഡെസ്പാച്ച് രജിസ്റ്റർ പ്രകാരം 5-2-2019 ൽ തന്നെ അയച്ചിട്ടുണ്ട്. 29-10-18,27-11-18 എന്നീ തീയതികളിൽ കത്ത് നല്കിയിട്ടും FI സൊല്യൂഷൻ ഉപകരണങ്ങൾ സപ്ളൈ ചെയ്യാത്തതിനാൽ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പുതിയ ക്വട്ടേഷൻ ക്ഷണിക്കുന്നതിന് 14-1-19 ലെ 1(5) നം തീരുമാനപ്രകാരം പഞ്ചായത്ത് കമ്മറ്റി സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും 17-1-19 ന് ക്വട്ടേഷൻ ക്ഷണിക്കുകയും ചെയ്തു. ഇതുപ്രകാരം ലഭ്യമായ മൂന്ന് ക്വട്ടേഷനുകളിൽ കുറഞ്ഞനിരക്ക് ക്വാട്ട്ചെയ്ത ഡ്രീംസ് ഫിനിക്സ് ഓൺ സിസ്റ്റംസിന്റെ 55,100/- രൂപയുടെ ക്വട്ടേഷൻ അംഗീകരിച്ച് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ കാണുന്നു.

29-10-18,27-11-18 എന്നീ തീയതികളിലെ സപ്ളൈ ഓർഡർ എഫ് വൺ സൊല്യൂഷന് അയച്ചതിന്റെ രേഖകൾ ഡെസ്പാച്ച് രജിസ്റ്ററിൽ ലഭ്യമല്ല. കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനം സാധനങ്ങൾ സപ്ളൈ ചെയ്യാതിരുന്ന സാഹചര്യത്തിൽ ടി സ്ഥാപനത്തിന് രജിസ്റ്റേഡ് നോട്ടീസ് നല്കിയിട്ടില്ല.ഔദ്യോഗികമായി പ്രസ്തുത ടെൻഡർക്ക് കത്ത് നല്കിയത് 5-2-19 -ൽ മാത്രമായിരിക്കേ 14-1-18-ന്ടെൻഡർ റദ്ദാക്കി പുതിയ ക്വട്ടേഷൻ ക്ഷണിക്കാൻ തീരുമാനിക്കുകയും 17-1-19 -ന് ക്വട്ടേഷൻ ക്ഷണിക്കുകയും ചെയ്തു. ആയത് പ്രകാരം ലഭ്യമായ മൂന്ന് ക്വട്ടേഷനുകളിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഡ്രീംസ് ഫിനിക്സ് ഓൺ സിസ്റ്റംസ് എന്ന സ്ഥാപനത്തിന്റെ 55,100/- രൂപയുടെ ക്വട്ടേഷൻ അംഗീകരിച്ച് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ആദ്യ ടെൻഡർ റദ്ദാക്കുന്നതിന് മുൻപ് തന്നെ വീണ്ടും ക്വട്ടേഷൻ ക്ഷണിച്ച് ആദ്യ ടെൻഡറിനേക്കാൾ കൂടിയ നിരക്കിൽ സാധനങ്ങൾ വാങ്ങിയതിനാൽ 5,900/- രൂപ (55100-49200) പഞ്ചായത്തിന് നഷ്ടമുണ്ടായി.ഇത് സംബന്ധിച്ച് നല്കിയ ആഡിറ്റ് എൻക്വയറി നം15/18-19 dt 18-2-2020 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികനിരക്ക് നല്കിയതുമൂലമുള്ള നഷ്ടം 5,900/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം.15/18-19, 18.2.20**

## 1-34 പി.എച്ച് സി ക്ക് ആംബുലൻസ് വാങ്ങൽ

സെക്രട്ടറി നിർവ്വഹണം നടത്തിയ പി.എച്ച് സി ക്ക് ആംബുലൻസ് വാങ്ങൽ എന്നപദ്ധതി പ്രകാരം 10,40,756/- രൂപ ചെലവഴിച്ച് ആംബുലൻസ് വാങ്ങിയിട്ടുണ്ട്. 18-1-19 ൽ സെക്രട്ടറിയുടെ പേരിൽടി വാഹനം രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആംബുലൻസിന്റെ

ലോഗ് ബുക്ക് പരിശോധിച്ചതിൽ ടി വാഹനം പി എ ച്ച് സി- ക്ക് കൈമാറിയത് 4-11-19ലാണ്. ലോഗ് ബുക്ക് പ്രകാരം 18-4-19 മുതൽ ആംബുലൻസ് വിവിധ ആശുപത്രികളിൽ രോഗികളെ എത്തിക്കുന്നതിനായി ഓടിയിട്ടുണ്ട്. 10-5-19 മുതൽ പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് വേണ്ടിയും ഓടിയിട്ടുണ്ട്. എന്നാൽ രസീത് പരിശോധനയിൽ ആബുലൻസിന്റെ വാടകയിനത്തിൽ വരവ് വന്നിട്ടില്ല. ആബുലൻസിന്റെ പരിപാലനം സംബന്ധിച്ച് നല്കിയ ആഡിറ്റ് എൻക്വയറി നം 16/18-19 dt 18-2-2020-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആബുലൻസിന്റെ പരിപാലനം , വരവ് -ചെലവ് എന്നിവ സംബന്ധിച്ച് വ്യക്തമായ മറുപടി ആഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം-16/18-19, 18.02.2020**

## 1-35 ഇടവിളകൃഷിക്ക് വളം -കർഷകന്റെ അക്കൗണ്ടിലേക്ക് പണം മാറി നല്കി. പകരം കെയ്കോയുടെ അക്കൗണ്ടിലേക്ക് പണം മാറി നല്കി.

ഇടവിളകൃഷി (പ്രോജക്ട് നം -124/18-19) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഇടവിളകൃഷിയുടെ ജൈവവളം സബ്സിഡി കർഷകന്റെയും അക്കൗണ്ടിലേക്ക്മാറി നല്കുന്നതിനായി ബിൽ നം 8/18-19 പ്രകാരം 3,00,000/- രൂപ മാറിയിട്ടുണ്ട്. ടി തുകയുടെ വിതരണരേഖകൾ പരിശോധിച്ചതിൽ 282 കർഷകർക്കായി 2,90,000/- രൂപ മാത്രമാണ് നല്കിയിട്ടുള്ളത്.

1000/-രൂപ ഇടവിളകൃഷി കർഷകന് പകരം കെയ്ക്കോയുടെ അക്കൗണ്ടിലേക്കാണ് മാറി നല്കിയിട്ടുള്ളത്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ആഡിറ്റ് എൻക്വയറി നം-25/18-19 dt 18-2-2020 -നുള്ള മറുപടിയിൽ 283 കർഷകർക്കാണ് സബ്സിഡി നല്കേണ്ടിയിരുന്നതെന്നും ക്ളറിക്കൽ മിസ്റ്റേക്ക് കാരണം 1000/- രൂപ കെയ്ക്കോയുടെ അക്കൗണ്ടിലേക്കാണ് മാറി നല്കിയിട്ടുള്ളത് എന്നും ടി തുക കെയ്ക്കോയിൽ നിന്നും തിരികെ വാങ്ങി അർഹതപ്പെട്ട കർഷകന് തിരികെ നല്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. 1000/- രൂപ കെയ്ക്കോയിൽ നിന്നും തിരികെ വാങ്ങി അർഹതപ്പെട്ട കർഷകന് തിരികെ നല്കി ആഡിറ്റിനെ അറിയിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം-25/18-19, 18.02.2020**

## 1-36 സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളുടെ ഫയലുകൾ ആഡിറ്റിന് ഹാജരാക്കിയില്ല. -തടസ്സം- 56066/-

സെക്രട്ടറി നിർവ്വഹണം നടത്തിയ രണ്ട് പദ്ധതികളുടെ ഫയലുകൾ ആഡിറ്റിന് ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് നല്കിയ ആഡിറ്റ് എൻക്വയറി നം 26/19-2-20 ന് മറുപടിയും ഹാജരാക്കിയില്ല. പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1) പൊരിക്കൽ മാർക്കറ്റിലെ ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾക്ക്
വൈദ്യുതീകരണം

പ്രോജ നം - 73/18-19

അടങ്കൽ തുക - 16,200/

ചെലവ് തുക - 16,200/

ബിൽ നം -തീയതി -2/18-19 dt 29-5-18

2)പോസ്റ്റ് മാറ്റി സ്ഥാപിക്കൽ

പ്രോജ നം - 85/18-19

അടങ്കൽ തുക - 40,000/-

ചെലവ് തുക - 39,866/-

ബിൽ നം -തീയതി-6/18-19 dt 9-7-18

ഫയലുകൾ ആഡിറ്റിന് ഹാജരാക്കാത്തതിനാൽ പ്രസ്തുത പദ്ധതികൾക്കായി ചെലവഴിച്ച 56,066/-രൂപ തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം-26/19.02.2020**

## 1-37 പൈപ്പ് ലൈൻ നീട്ടൽ- വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുകയിൽ ബാലൻസ് വന്ന തുക തിരികെ ലഭ്യമായിട്ടില്ല.

സെക്രട്ടറി നിർവ്വഹണം നടത്തിയ രണ്ട് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം പ്രകാരം 82,219/- രൂപ വാട്ടർ അതോറിറ്റിയിൽനിന്നും തിരികെ ലഭിക്കാനുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

1) കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ

പ്രോജ നം - 89/18-19

അടങ്കൽ തുക - 4,50,000/-

ചെലവ് തുക - 3,86,535/-

ബാലൻസ് തുക - 63,465/-

ബിൽ നം -തീയതി-28/18-19 dt 21-12-18

2) കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ

പ്രോജ നം - 91/18-19

അടങ്കൽ തുക - 2,50,000/-

ചെലവ് തുക - 2,31,246/-

ബാലൻസ് തുക - 18,754/-

ബിൽ നം – തീയതി -27/18-19 dt 18-12-18

വാട്ടർ അതോറിറ്റിയിൽനിന്നും തിരികെ ലഭിക്കാനുള്ള 82,219/- രൂപ തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 ഇന്ധനത്തിന്റെ വിവരങ്ങൾ ലോഗ്ബുക്കിൽ ചേർത്തില്ല.

പഞ്ചായത്ത് വാഹനത്തിന് ഇന്ധനം നിറച്ച ഇനത്തിൽ ചുവടെ സൂചിപ്പിക്കുന്ന ബിൽ പ്രകാരമുള്ള ഇന്ധനത്തിന്റെ വിവരം അതാത് തീയതിയിലെ ലോഗ്ബുക്കിൽ ചേർത്തതായി കാണുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു

| വൗച്ചർ/ചെക്ക് നമ്പർ | തീയതി | തുക | നിറച്ച ഇന്ധനത്തിന്റെ അളവ് | ഇന്ധനം നിറച്ച തീയതി | വില. |
|---|---|---|---|---|---|
| 21800382 | 13-8-18 | 12009 | 35 | 9-7-18 | 2536.45 |
| 21800382 | 13-8-18 | 12009 | 10 | 13-7-18 | 728.40 |
| 21801036 | 28-1-19 | 7986 | 26 | 18-12-18 | 1792.18 |
| | | | | ആകെ. | 5057 |

ഇന്ധനത്തിന്റെ വിവരങ്ങൾ ലോഗ്ബുക്കിൽ ചേർക്കാത്തതിനാൽ ചെലവ് നിരാകരിക്കുന്നതാണ്. ലോഗ്ബുക്കിൽ ഇന്ധനത്തിന്റെ വിവരം ചേർക്കുന്നത് ഉത്തരവാദപ്പെട്ടവർ ആരും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. വ്യക്തമായ മീറ്റർ റീഡിംഗ് വാഹനം ഓടുന്നതിനു മുമ്പും ശേഷവും രേഖപ്പെടുത്തുന്നില്ല. രേഖപ്പെടുത്തിയത് കൃത്യമായി സാക്ഷ്യപ്പെടുത്തുന്നതുമില്ല.ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി 19-ന് മറുപടി നൽകിയില്ല. കൃത്യമായ വിശദീകരണം നൽകാത്ത പക്ഷം 5057/- രൂപയുടെ ചെലവ് നിരാകരിക്കുന്നതാണ്.

## 3-2 അനുപൂരക പോഷക പരിപാടി സാമഗ്രികളുടെ വിതരണത്തിലും വാങ്ങൽ നടപടികളിലും പൊരുത്തക്കേടുകൾ

**ആക്ടിവിറ്റി ഗ്രൂപ്പിന് വിവിധ ബില്ലുകളിലായി ആവശ്യപ്പെട്ടതിലും കൂടുതൽ തുക അനുവദിച്ചു. നഷ്ടം 71,389/- രൂപ**

ഓഡിറ്റ് വർഷം ടി.എച്ച്.ആർ.എസ് വിതരണം ചെയ്തതിനും മുൻ വർഷങ്ങളിലെ ജി.എസ്.ടി. കുടിശ്ശിക അനുവദിക്കുന്നതിനുമായി ടെൻസ്റ്റാർ ആക്ടിവിറ്റി ഗ്രൂപ്പ് എന്ന സ്ഥാപനത്തിന് ചുവടെ സൂചിപ്പിക്കും പ്രകാരം നൽകിയ തുകകളിൽ ഇരട്ടിപ്പ് ഉണ്ടായിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | ബിൽ / ചെക്ക് നമ്പർ | തീയതി | തുക | ഇൻവോയ്സ് നമ്പർ / തീയതി | GST കണക്കാക്കിയ വിധം | അധികം നൽകിയ തുക. |
|---|---|---|---|---|---|---|
| 1 | 724661 | 28-3-19 | 209758 | 163/22-10-18 51935/-രൂപ | 279650x18%=50337 | 1598 |
| | | | | 164/22-1-18 12670/-രൂപ | 253400x5%=12670 | 0 |
| | | | | 178/22-12-18 121170/-രൂപ | 121170ൽ 11958 രൂപ ബിൽ നം.16/18-19 പ്രകാരം നൽകി. ബാക്കി 109212 രൂപ നൽകണം എന്നാൽ 145153 നൽകി | 35941 |
| 2 | 129935 | 28-3-19 | 100000 | 285/26-3-19 66150/-രൂപ | | 0 |
| | | | | 163/22-10-18 51935/-രൂപ | ഈ ബിൽ തുക പൂർണ്ണമായി ചെക്ക് നമ്പർ 7246611 പ്രകാരം നൽകിയിട്ടുണ്ട്(100000-66150= 33850) | 33850 |
| | | | | | ആകെ | 71389 |

അധികം നൽകിയ തുക 71,389/- രൂപ ടെൻസ്റ്റാർ ആക്ടിവിറ്റി ഗ്രൂപ്പ്, തഴവ യിൽ നിന്നോ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-3 പവിത്രേശ്വരം മഹാത്മജി മെമ്മോറിയൽ ലൈബ്രറിക്ക് കമ്പ്യൂട്ടറും ഫർണ്ണിച്ചറും വാങ്ങൽ അപാകതകൾ-

പ്രോജക്റ്റ് നം - 236/19

അടങ്കൽ - 75,000/-

ചെലവ് തുക - 55,100/-

ബിൽ നം -തുക- 42/18-19 dt 28/3/19

പവിത്രേശ്വരം മഹാത്മജി മെമ്മോറിയൽ ലൈബ്രറിക്ക് കമ്പ്യൂട്ടറും ഫർണ്ണിച്ചറും വാങ്ങൽ എന്ന പദ്ധതിക്ക് വേണ്ടി കംപ്യൂട്ടർ , കംപ്യൂട്ടർമേശ, യു പി എസ്സ്, കസേര എന്നിവ വാങ്ങുന്നതിന് 6-7-18 -ൽ ടെൻഡർ വിളിക്കുകയും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത എഫ് വൺ സൊല്യൂഷൻസിന്റെ 49,200/- രൂപയുടെ നിരക്ക് കമ്മറ്റി അംഗീകരിക്കുകയും ചെയ്തു. ഇതിൻ പ്രകാരമുള്ള സപ്ളൈ ഓർഡർ 29-10-18,27-11-18 എന്നീ തീയതികളിൽ എഫ് വൺ സൊല്യൂഷൻസിന് നല്കിയതായി ഫയലിൽ

രേഖകളുണ്ടെങ്കിലും ഡെസ്പാച്ച് രജിസ്റ്റർ പ്രകാരം ടി കത്തുകൾ അയച്ചിട്ടില്ല. പിന്നീട് 5-2-19 ൽ സെക്രട്ടറിയുടെ A4 /165/18 നം കത്ത് പ്രകാരംടെൻഡർ അംഗീകരിച്ചതായും ഇഎം ഡി ഒഴിവാക്കുന്നതിന് ആവശ്യമായ സർട്ടിഫിക്കറ്റുകൾ ഹാജരാക്കി കരാർ വയ്ക്കണമെന്ന് അറിയിച്ചിരിക്കുന്നു . പ്രസ്തുത കത്ത് ഡെസ്പാച്ച് രജിസ്റ്റർ പ്രകാരം 5-2-2019 ൽ തന്നെ അയച്ചിട്ടുണ്ട്.

29-10-18,27-11-18 എന്നീ തീയതികളിൽ കത്ത് നല്കിയിട്ടും ഉപകരണങ്ങൾ സപ്ളൈ ചെയ്യാത്തതിനാൽ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുന്നതിന് 14-1-19 ലെ 1(5) നം തീരുമാനപ്രകാരം പഞ്ചായത്ത് കമ്മറ്റി സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും 17-1-19 ന് ക്വട്ടേഷൻ ക്ഷണിക്കുകയും ചെയ്തു. ഇതുപ്രകാരം ലഭ്യമായ മൂന്ന് ക്വട്ടേഷനുകളിൽ കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്ത ഡ്രീംസ് ഫിനിക്സ് ഓൺ സിസ്റ്റംസിന്റെ 55100/- രൂപയുടെ ക്വട്ടേഷൻ അംഗീകരിച്ച് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ കാണുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

29-10-18,27-11-18 എന്നീ തീയതികളിലെ സപ്ളൈ ഓർഡർ എഫ് വൺ സൊല്യൂഷന് അയച്ചതിന്റെ രേഖകൾ ഡെസ്പാച്ച് രജിസ്റ്ററിൽ ലഭ്യമല്ല. കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനം സാധനങ്ങൾ സപ്ളൈ ചെയ്യാതിരുന്ന സാഹചര്യത്തിൽ ടി സ്ഥാപനത്തിന് രജിസ്റ്റേഡ് നോട്ടീസ് നല്കിയിട്ടില്ല.ഔദ്യോഗികമായി പ്രസ്തുത ടെൻഡർക്ക് കത്ത് നല്കിയത് 5-2-19 -ൽ മാത്രമായിരിക്കേ 14-1-18-ന്ടെൻഡർ റദ്ദാക്കി പുതിയ ക്വട്ടേഷൻ ക്ഷണിക്കാൻ തീരുമാനിക്കുകയും 17-1-19 -ന് ക്വട്ടേഷൻ ക്ഷണിക്കുകയും ചെയ്തു. ആയത് പ്രകാരം ലഭ്യമായ

മൂന്ന് ക്വട്ടേഷനുകളിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഡ്രീംസ് ഫിനിക്സ് ഓൺ സിസ്റ്റംസ് എന്ന സ്ഥാപനത്തിന്റെ 55,100/- രൂപയുടെ ക്വട്ടേഷൻ അംഗീകരിച്ച് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ആദ്യ ടെൻഡർ റദ്ദാക്കുന്നതിന് മുൻപ് തന്നെ വീണ്ടും ക്വട്ടേഷൻ ക്ഷണിച്ച് ആദ്യ ടെൻഡറിനേക്കാൾ കൂടിയ നിരക്കില് സാധനങ്ങൾ വാങ്ങിയതിനാൽ 5900/- രൂപ (55100-49200) പഞ്ചായത്തിന് നഷ്ടമുണ്ടായി. ഇത് സംബന്ധിച്ച് നല്കിയ ആഡിറ്റ് എൻക്വയറി നം15/18-19 dt 18-2-2020 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അധികനിരക്ക് നല്കിയതുമൂലമുള്ള നഷ്ടം 5,900/- രൂപ

ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-4 ഡിഗ്രി / പ്രൊഫഷണൽ കോഴ്സ് ചെയ്യുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം നഷ്ടം 10120/- രൂപ

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ ഡിഗ്രി / പ്രൊഫഷണൽ കോഴ്സ് ചെയ്യുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് [ പദ്ധതി.നം. 92/19] എന്ന പദ്ധതിയിൽ 1-10 - 18 -ലെ എ.എസ്സ്/ 105/18 നമ്പർ പ്രകാരം ഇ-ടെൻഡർ

ക്ഷണിക്കുകയും 4-10 -18 ലെ ദേശാഭിമാനി പത്രത്തിൽ പരസ്യം നൽകുകയും ചെയ്തിട്ടുണ്ട്. ഇ-ടെൻഡർ പ്രകാരം 9 സ്ഥാപനങ്ങൾ ബിഡ്ഡിൽ പങ്കെടുക്കുകയും 2 എണ്ണം ഒഴികെ 7 സ്ഥാപനങ്ങൾ സ്പെസിഫിക്കേഷൻ അനുസരിച്ച് ദർഘാസ് ചെയ്യാത്തതിനാൽ നിരസിക്കുകയും ചെയ്തിട്ടുണ്ട്. സ്പെസിഫിക്കേഷൻ പ്രകാരം ബിഡ് സമർപ്പിച്ച ടെക്നോ വേൾഡ്, കെൽട്രോൺ എന്നീ സ്ഥാപനങ്ങളിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത (29,780/- രൂപ) ടെക്നോ വേൾഡ് എന്ന സ്ഥാപനത്തിന് ദർഘാസ് അനുവദിക്കാമെന്ന് നിർവ്വഹണോദ്യോഗസ്ഥയായ അസി.സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ 20-10-18 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1 (2) തീരുമാനപ്രകാരം കൂടുതൽ തുക ക്വാട്ട് ചെയ്ത ( 30,000/- രൂപ) കെൽട്രോണിന് ദർഘാസ് അനുവദിച്ചു. സർക്കാർ സ്ഥാപനമായതിനാലും വിൽപ്പനാനന്തര സേവനവും പരിഗണിച്ച് കെൽട്രോണിന് അനുവദിച്ചു എന്നാണ് കമ്മിറ്റി തീരുമാനത്തിൽ സൂചിപ്പിക്കുന്നത്. ആയത് ക്രമമല്ലാത്തതിനാൽ ഈ ഇനത്തിൽ 10,120/-രൂപയുടെ [ (30,000/- -29780 ) X 46] നഷ്ടം ഉണ്ടായതായി ഓഡിറ്റ് കണക്കാക്കുന്നു. [ബിൽ നമ്പർ- 7/18-19 തീയതി. 11/03/19. തുക 13,80,000/- ]ഈ വിഷയത്തിൽ കൃത്യമായ വിശദീകരണം ആവശ്യപ്പെട്ട് എൻക്വയറി നൽകിയിരുന്നെങ്കിലും മറുപടി നൽകിയില്ല.

20-12-18 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1 (2) തീരുമാനത്തിന് സെക്രട്ടറി യാതൊരു വിയോജനവും രേഖപ്പെടുത്താത്തതിനാൽ 10,120/- രൂപ സെക്രട്ടറി ശ്രീമതി. ടി.ഉഷാകുമാരിയിൽ നിന്നും ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നമ്പർ 2/12.02.2020**

## 3-5 കരാറുകാരന്റെ സ്വന്തം മണ്ണ് കൊണ്ടുവന്നുനിറയ്ക്കൽ- ഉയർന്ന നിരക്ക് നൽകി.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരന്റെ സ്വന്തം മണ്ണ് കൊണ്ടുവന്നുനിറച്ചതിന് ഡി.എസ്.ആർ. കോഡ് 50.2.25.1 പ്രകാരം ക്യൂബിക് മീറ്ററിന് 460.77 രൂപ (കോസ്റ്റ് ഇൻഡക്സ്-1.4804 പ്രകാരം), 472.97/- രൂപ (കോസ്റ്റ് ഇൻഡക്സ്-1.5196 പ്രകാരം) എന്നീ നിരക്കുകളിൽ തുക നൽകിയിട്ടുണ്ട്. ഇടുങ്ങിയ കുഴികൾ, ഫൗണ്ടേഷന്റെ വശങ്ങൾ എന്നിവിടങ്ങളിൽ മണ്ണ് നിറയ്ക്കുന്നതിന് നൽകേണ്ട ഉയർന്ന നിരക്കാണ് ഇവിടെ നൽകിയിരിക്കുന്നത്. എന്നാൽ റോഡിന് സംരക്ഷണഭിത്തി, നടപ്പാത എന്നിവ നിർമ്മിക്കുന്ന ടി പ്രവൃത്തികളിൽ ബേസ്മെന്റ്, സൂപ്പർസ്ട്രക്ചർ എന്നിവ നിർമ്മിച്ച ശേഷം ഏകദേശം 2 മുതൽ 3.5 വരെ മീറ്റർ വീതിയിൽ റോഡ് ഉൾപ്പെടെയുള്ള ഭാഗത്ത് ഓപ്പൺ ഏരിയയിൽ മണ്ണ് നിറയ്ക്കലാണ് നടത്തിയിട്ടുള്ളത്. ഇതിന് അനുവദനീയമായത് ഓപ്പൺ ഏരിയയിൽ മണ്ണ് നിറയ്ക്കലിന് ഡി.എസ്.ആർ. കോഡ് 50.2.26.1 പ്രകാരമുള്ള ക്യൂബിക് മീറ്ററിന് 294.97/- രൂപ(കോസ്റ്റ് ഇൻഡക്സ്-1.4804), 302.78/-രൂപ (കോസ്റ്റ് ഇൻഡക്സ്-1.5196) എന്നീ നിരക്കുകളാണ്.

ഉയർന്ന നിരക്ക് അനുവദിച്ചത് മൂലം അധികം നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു;

| ക്രമ നം. | പ്രോജക്റ്റിന്റെ വിശദാംശം | ചെയ്ത അളവ്- m3-ൽ | നൽകിയ നിരക്ക് | നൽകിയ തുക | അനുവദനീയമായ തുക | അധികം നൽകിയ തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| | | | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| 1. | പ്രോജക്റ്റ് നം. : 209/19<br>പേര് : റീത്ത് പള്ളി ജം.-പറപ്പള്ളിക്കോണം ഏലാ റോഡിന് സംരക്ഷണഭിത്തി നിർമ്മാണവും റോഡ് കോൺക്രീറ്റിംഗും.<br>അടങ്കൽ:3,00,000/-<br>ഫണ്ടിനം : എസ്.സി.പി.ഫണ്ട്<br>സാങ്കേതികാനുമതി: നം.54254/5.8.17(റിവൈസ്ഡ്)<br>കരാർ നം.: 43/എ.ഇ./17-18/25.11.2017<br>കരാറുകാരൻ : ശ്രീ ജെയിംസ് (0.1%കുറവ്)<br>ചെലവ് : 2,93,221/-രൂപ<br>ബിൽ നം. 22/31.7.2018=2,06,462<br>ബിൽ നം. 61/21.12.2018=86,759<br>എം.ബുക്ക് നം. : 11/18-19 | 100.71 | 472.97 | 47585 | 30463 | 17122 | ടെണ്ടർ കുറവ് ക്രമീകരിച്ച ശേഷം |
| 2. | പ്രോജക്റ്റ് നം. : 201/19(സ്പിൽ ഓവർ)<br>പേര് : പുന്തലക്കോട് ഏലാ റോഡ് സംരക്ഷണഭിത്തി നിർമ്മാണവും റോഡ് കോൺക്രീറ്റിംഗും.<br>അടങ്കൽ:4,00,000/-<br>ഫണ്ടിനം : ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>സാങ്കേതികാനുമതി: നം.30608/24.7.17<br>കരാർ നം.: 22/എ.ഇ./17-18/22.11.2017<br>കരാറുകാരൻ : ശ്രീ ഷിജു.എസ് (0.1%കുറവ്)<br>ചെലവ് : 3,94,752/-രൂപ<br>ബിൽ നം. 54/17.1.2018=2,79,023<br>ബിൽ നം. 57/20.12.2018=1,15,729<br>എം.ബുക്ക് നം. : 27/17-18 | 60.75 | 472.98 | 28705 | 18376 | 10329 | -ടി- |
| 3. | പ്രോജക്റ്റ് നം. : 203/19(സ്പിൽ ഓവർ)<br>പേര് : ചെമ്പകശ്ശേരി-തെക്കേവിള റോഡ് സംരക്ഷണഭിത്തി | 22.08 | 472.98 | 10443 | 6685 | 3758 | - |

| | | | | | | | |
|---|---|---|---|---|---|---|---|
| | നിർമ്മാണവും റോഡ് കോൺക്രീറ്റിംഗും.<br>അടങ്കൽ:4,00,000/-<br>ഫണ്ടിനം : ധനകാര്യ കമ്മീഷൻ ഗ്രാന്റ് =3,00,000<br>മെയിന്റനൻസ് ഗ്രാന്റ് = 1,00,000<br>സാങ്കേതികാനുമതി: നം.66349/22.8.17<br>കരാർ നം.: 42/എ.ഇ./17-18/24.11.2017<br>കരാറുകാരൻ : ശ്രീ രാജു.എൻ (എസ്റ്റ്മേറ്റ് നിരക്ക്)<br>ചെലവ് : 3,99,279/-രൂപ<br>ബിൽ നം. 110/31.3.2018=99,279<br>ബിൽ നം. 13/26.6.2018=3,00,000<br>എം.ബുക്ക് നം. : 73/17-18 | | | | | | |
| 4. | പ്രോജക്റ്റ് നം. : 65/19<br>പേര് : പൊരീക്കൽ ജയന്തികോളനി നടപ്പാത മെയിന്റനൻസ്<br>അടങ്കൽ:2,00,000/-<br>ഫണ്ടിനം : മെയിന്റനൻസ് ഗ്രാന്റ് (റോഡ്)<br>സാങ്കേതികാനുമതി: നം.24053/28.5.18<br>കരാർ നം.: 33/എ.ഇ./18-19/23.7.2018<br>കരാറുകാരൻ : ശ്രീ രാജു.എൻ (0.01% കുറവ്)<br>ചെലവ് : 1,86,847/-രൂപ<br>ബിൽ നം. 27/1.10.2018<br>എം.ബുക്ക് നം. : 22/18-19 | 37.034 | 460.77 | 17064 | 10924 | 6140 | - |
| | **ആകെ** | | | | | 37349 | |

അധിക നിരക്ക് അനുവദിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, ഫൗണ്ടേഷന്റെ വശങ്ങളിൽ മണ്ണ് നിറയ്ക്കൽ എന്ന് ഡി.എസ്.ആർ. കോഡ് 50.2.25.1- ൽ പരാമർശിക്കുന്നതുകൊണ്ടാണ് ഉയർന്ന നിരക്ക് നൽകിയത് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഫൗണ്ടേഷൻ കഴിഞ്ഞ് ബേസ്മെന്റ്, സൂപ്പർസ്ട്രക്ചർ എന്നിവ നിർമ്മിച്ച ശേഷം റോഡ് ഉൾപ്പെടെയുള്ള ഭാഗത്ത് ഓപ്പൺ ഏരിയയിലാണ് മണ്ണ് നിറയ്ക്കൽ നടത്തിയിട്ടുള്ളത്. അതിനാൽ മറുപടി അംഗീകരിക്കാൻ കഴിയില്ല. അധികം നൽകിയ തുക ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.5/12.2.2020, നം.14/17.2.2020.

## 3-6 റീടാറിംഗ് പ്രവൃത്തികൾ- ബാരലിന്റെ വില ഈടാക്കിയില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ചെയ്ത താഴെ പറയുന്ന റോഡ് റീടാറിംഗ് പ്രവൃത്തിയ്ക്ക് കരാറുകാരൻ വാങ്ങി ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ എന്നിവയ്ക്ക് ഡി.എസ്.ആർ.2016 പ്രകാരം പാക്ക്ഡ് ബിറ്റുമിനുള്ള നിരക്കാണ് കരാറുകാരന് നൽകിയിട്ടുള്ളത്. അതിനാൽ ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ എന്നിവയുടെ അളവിനനുസൃതമായി ബാരലിന്റെ വില കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. എന്നാൽ ആയത് ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ വിശദാംശം | ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ(കി.ഗ്രാം.) | ബാരലുകളുടെ എണ്ണം | ഈടാക്കേണ്ട വില(238/-രൂപ നിരക്കിൽ18% GST ഉൾപ്പടെ) |
|---|---|---|---|---|
| 1. | പ്രോജക്ട്നം: 182/19 പ്രവൃത്തിയുടെ പേര്: കൈക്കുഴിക്കൽ റോഡ് റീടാറിംഗ് അടങ്കൽ: 6,00,000/- ഫണ്ടിനം: മെയിന്റനൻസ് ഗ്രാന്റ് (റോഡ്) കരാർനം: 6/ എ.ഇ./17-18/6.5.2017 കരാറുകാരൻ: ശ്രീ.വിശ്വംഭരൻ എം.ബുക്ക്നം. :88/17-18 ചെലവ്: | 2088+105 | 14 | 3934 |

| | | | | |
|---|---|---|---|---|
| | 5,31,951/-രൂപ ബിൽ നം: 3/22.5.2018 | | | |
| 2. | പ്രോജക്ട് നം : 219/19(സ്പിൽ ഓവർ) പ്രവൃത്തിയുടെ പേര്: പ്ലാക്കാട്-കൈതക്കോട് റോഡ് റീടാറിംഗ് അടങ്കൽ: 4,00,000/- ഫണ്ടിനം : ധനകാര്യ കമ്മീഷൻ ഗ്രാന്റ് കരാർനം: 49/ എ.ഇ./17-18/25.11.2017 കരാറുകാരൻ: ശ്രീ ജെയിംസ് എം.ബുക്ക് നം. :51/18-19 ചെലവ്: 3,77,808/-രൂപ ബിൽനം.: 63/29.12.2018 | 2973+274 | 21 | 5901 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, ബന്ധപ്പെട്ട കരാറുകാരിൽനിന്നും ബാരലിന്റെ വില ഈടാക്കി ഒടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച പ്രകാരം ബാരലിന്റെ വില ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം.4/12.2.2020, 13/17.2.2020.**

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്‍റെ വിവരം

**4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം**

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 23.07.2019-24.07.2019 | നം.കെ.എസ്.എ.കെ.എൽ.എം.പി11/1164/19 , 30.08.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

(മാർഗ്ഗരേഖ ലംഘിക്കുന്നുണ്ടെങ്കിൽ പ്രത്യേകം പരാമർശിക്കണം.)

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| **ബ്ലോക്ക് പഞ്ചായത്ത്** | **2018-19** | 1224200 | ലൈഫ് | 1224000 | 200 |
| | | 2465064 | ലൈഫ് | 2367492 | 97572 |
| | | 400000 | നെൽകൃഷി | 400000 | 0 |
| | | 100000 | പാലിയേറ്റീവ് | 100000 | 0 |
| | | 144500 | പാലിന് സബ്സിഡി | 144500 | 0 |
| | | 97920 | സ്കോളർഷിപ്പ് | 97920 | 0 |
| **ജില്ലാപഞ്ചായത്ത്** | **2018-19** | 2984549 | ലൈഫ് | 2984549 | 0 |
| | | 170000 | നെൽകൃഷി | 170000 | 0 |
| | | 450000 | പാലിന് സബ്സിഡി | 450000 | 0 |
| | | 300000 | പോഷകാഹാരം | 300000 | 0 |
| | | 100000 | സ്കോളർഷിപ്പ് | 100000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB എഴുകോൺ | സ്ട്രീറ്റ് മെയിൻ വലിക്കൽ | | 24957 | 24957 | 0 |
| KSEB, ഈസ്റ്റ് കല്ലട | പോസ്റ്റ് ഷിഫ്റ്റിംഗ് | ചെക്ക് നം. 353663/28.3.19 | 39860 | 39860 | 0 |
| KSEB, | ലൈൻ എക്സ്റ്റെൻഷൻ | | 49872 | 49872 | 0 |
| KSEB, | ലൈൻ എക്സ്റ്റെൻഷൻ | | 414770 | 414770 | 0 |
| KSEB എഴുകോൺ | പ്രോജക്ട് നം.239/19 | | 44073 | 44073 | 0 |
| KSEB, | പ്രോജക്ട് നം.233/19 | ചെക്ക് നം. 353662/28.3.19 | 97745 | 97745 | 0 |
| വാട്ടർ അതോറിറ്റി, കൊട്ടാരക്കര | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ 89/19 | 28/18-19/ 21.12.18 | 4,50,000/- | 386535/- | 63465/- |
| വാട്ടർ അതോറിറ്റി, കൊട്ടാരക്കര | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (SCP)91/19 | 27/18-19/ 18.12.18 | 2,50,000/- | 2,31,246/- | 18754/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 2,04,69,110/-രൂപ വരവുണ്ട്. 2,04,69,000/-രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി (കെ.യു.ആർ. ഡി.എഫ്.സി) | സ.ഉ. (എം.സ്)111/ 18/13.8.2018 | 2,04,69,110/- | | | | 2,04,69,110/- |

## 4-6 സ്ഥിര നിക്ഷേപം

## ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 2,332/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2009-10 | ലഭ്യമല്ല. | 2,332/- | ശ്രീ.നെൽസൺ | 118010102609 തീ.27.10.18 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | വർഷം | | | |
| 1998-99 | 37 | 2004-05 | 3-1 | തൊഴിൽ പരിശിലന കേന്ദ്രം ലക്ഷ്യം കൈവരിച്ചില്ല | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2007-08 | സ്പെഷ്യൽ റിപ്പോർട്ട് | 2011-12 | 4-6 | ആശ്രയാ പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് മുൻപ് തുക ചെലവഴിച്ചു. | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2014-15 | വിഷയാധിഷ്ഠിത അവലോകനം റിപ്പോർട്ടുകൾ നിഷ്ക്രീയ ആസ്തികൾ | 2014-15 | 4.1.6<br>4.1.7 | | 1997-98 വർഷം എംപി ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച പിഎച്ച്സി കെട്ടിടം 2013-14 വർഷം 555306 /- രൂപ ചെലവഴിച്ച തുക പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തി.15-16 വാർഷിക പദ്ധതിയിൽ 300000/- രൂപ വകയിരുത്തിയിരുന്നു. പുനരുദ്ധാരണ പ്രവൃത്തി സ്പിൽഓവർ പ്രോജക്ട് തുടരുന്നു. |
| 2014-15 | വിഷയാധിഷ്ഠിത അവലോകനം നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണം | 2014-15 | 4.2.15 | ചാലായത്ത് കടവിൽ നദീതീരം കൈയ്യേറി കൃഷി ചെയ്യുന്നു. | ചാലായത്ത് കടവിൽകൃഷി നടത്തുന്ന ടി സ്ഥലം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതാണോ എന്നറിയുന്നതിനായി വില്ലേജാഫീസർക്ക് കത്തു നൽകി തുടർ നടപടി സ്വീകരിച്ചുവരുന്നു. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**ഇല്ല**

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 12,68,03,342/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 10,94,25,760/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1,39,650/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 29,40,721/- |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

**(ബി). <*പഞ്ചായത്ത് *>ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 71,389/- | ശ്രീമതി. ഇന്ദിര, ഐ.സി.ഡി.എസ് |
| 3-1 | | 5,057/- | ശ്രീമതി. ഉഷാകുമാരി, സെക്രട്ടറി |
| 3-3 | | 5,900/- | ശ്രീമതി. ഉഷാകുമാരി, സെക്രട്ടറി |
| 3-4 | | 10,120/- | ശ്രീമതി. ഉഷാകുമാരി, സെക്രട്ടറി |
| 3-5 | | 37,349/- | ശ്രീ. സുനിൽ കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-6 | | 9,835/- | ശ്രീ. സുനിൽ കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1.17 | 753971/- | ശ്രീ. അരുൺ നാഥ്, അസിസ്റ്റന്റ് സെക്രട്ടറി |
| 1.26 | 11410/- | ശ്രീമതി. ഉഷാകുമാരി, സെക്രട്ടറി |
| 1.27 | 727550/- | ശ്രീമതി. ഇന്ദിര, ഐ.സി.ഡി.എസ് |
| 1.28 | 250932/- | ശ്രീമതി. ഉഷാകുമാരി, സെക്രട്ടറി |
| 1.30(1) | 48431/- | ശ്രീമതി. ഇന്ദിര, ഐ.സി.ഡി.എസ് |
| 1.30(3) | 1092361/- | ശ്രീമതി. ഇന്ദിര, ഐ.സി.ഡി.എസ് |
| 1.36 | 56,066/- | ശ്രീമതി. ഉഷാകുമാരി, സെക്രട്ടറി |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

**ഇല്ല**

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ഉഷാകുമാരി, സെക്രട്ടറി | മരണപ്പെട്ടു | പ്ലാവിള വീട്. ഇളമാട് |
| ശ്രീമതി. ഇന്ദിര, ഐ.സി.ഡി.എസ് സൂപ്പർ വൈസർ | നാവായിക്കുളം, ഐ.സി.ഡി.എസ് സൂപ്പർ വൈസർ | വൃന്ദാവനം, പകൽക്കുറി പി.ഒ |
| ശ്രീ. സുനിൽ കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ പവിത്രേശ്വരം ഗ്രാമ പഞ്ചായത്ത്. | കളീക്കൽ വാക്കനാട്.പി.ഒ കരീപ്ര. |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ.കെ.എൽ.എം. പി.11/400(2)/18, 23.02.18 | 29, 30, 31, 32, 34(1), 35, 39 |
| 1998-99 | കെ.എസ്.എ.കെ.എൽ.എം. പി.11/400(3)/18, 23.02.18 | 26(1), (2), 27 (1), (2), 36, 37, 40, 42-2, 37 (സമാഹൃത ഓഡിറ്റ് റിപ്പോർട്ട്) |
| 1999-2000 | കെ.എസ്.എ.കെ.എൽ.എം. പി.11/400(4)/18, 23.02.18 | 2, 2എ, 2-3ബി, 9, 25 |
| 2000-01 | കെ.എസ്.എ.കെ.എൽ.എം. പി.11/400(5)/18, 23.02.18 | 2, 10, 13, 16, 17, 20 |
| 2001-02 | കെ.എസ്.എ.കെ.എൽ.എം. പി.11/400(6)/18, 23.02.18 | 2-1, 2-2, 2-3, 3-2, 3-3, 3-5 (1), (4), 3-5 (5), 3-10, 3-11 |
| 2002-03 | കെ.എസ്.എ.കെ.എൽ.എം. പി.11/400(7)/18, 23.02.18 | 2-2, 2-7, 2-8 , 3-1, 3-3, 3-4, 3-5 , 3-6, 3-7, 3-8 |
| 2003-04 | കെ.എസ്.എ.കെ.എൽ.എം. | 2-3, 3-2, 3-3, |

| | | |
|---|---|---|
| | പി.11/400(8)/18, 23.02.18 | 3-4, 3-7 |
| 2004-05 | കെ.എസ്.എ.കെ.എൽ.എം.<br>പി.11/400(9)/18, 23.02.18 | 3-1, 3-3, 3-4,<br>3-5, 3-6 |
| 2005-06 | കെ.എസ്.എ.കെ.എൽ.എം.<br>പി.11/400(10)/18, 23.02.18 | 3-6(1), 3-6(2) |
| 2006-07 | കെ.എസ്.എ.കെ.എൽ.എം.<br>പി.11/748(1)/19, 31.05.19 | 2-2,3-1,3-4,3-5,3-7,3-9,3-10,3-11,3-12,3-13,3-14,3-16,3-17,-18,3-19 |
| 2007-08 | കെ.എസ്.എ.കെ.എൽ.എം.<br>പി.11/748(2)/19, 31.05.19 | 2-1,2-2,3-1,3-2,3-3,3-4 |
| 2008-09 | കെ.എസ്.എ.കെ.എൽ.എം.<br>പി.11/748(3)/19, 31.05.19 | 2-2,3-1,3-2,3-3,3-6,3-7,3-8,3-9,3-10,3-11,3-12, |
| 2009-10 | കെ.എസ്.എ.കെ.എൽ.എം.<br>പി.11/748(4)/19, 31.05.19 | 2-3,2-4,2-5,3-1,3-2,3-4,3-5,3-6,3-7 |
| 2010-11 | കെ.എസ്.എ.കെ.എൽ.എം.<br>പി.11/748(4)/19, 31.05.19 | 2-3,2-4,2-5,3-1,3-2,3-4,3-5,3-6,3-7 |
| 2011-12 | കെ.എസ്.എ.കെ.എൽ.എം.<br>പി.3/254/16, 09.02.16 | എല്ലാ ഖണ്ഡികകളും |
| 2012-13<br>2013-14 | എൽ.എഫ്.ക്യൂ.<br>പി.3- 727/15 തീ.25.06.15 | എല്ലാ ഖണ്ഡികകളും |
| 2014-15 | കെ.എസ്.എ.കെ.എൽ.എം.<br>പി3-1161/ 16/തീയതി, 1.8.16 | എല്ലാ ഖണ്ഡികകളും |
| 2015-16 | കെ.എസ്.എ.കെ.എൽ.എം<br>പി3/227/17 തീയതി, 4.2.17 | എല്ലാ ഖണ്ഡികകളും |
| 2016-17 | കെ.എസ്.എ.കെ.എൽ.എം.<br>പി11/1543/2017 തീയതി,<br>11.10.2017 | എല്ലാ ഖണ്ഡികകളും |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.<br>പി11/189/2019 തീയതി 27.4.19 | എല്ലാ ഖണ്ഡികകളും |

## അനുബന്ധം 1 അനുബന്ധം 1

നം.കെ.എസ്.എ.കെ.എൽ.എം.പി-11/398/2020 തീയതി.07.05.2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- ാംവകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ **പവിത്രേശ്വരം ഗ്രാമപഞ്ചായത്തിന്റെ2018 -19**വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **പവിത്രേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2018 -19**ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.**

No.KSA.KLM.P11/398/2020 , Dated –07/05 /2020

## AUDIT CERTIFICATE 2018-19

Certified that I have examined the Annual Financial Statement of **Pavithreswaram Grama Panchayath** for the year ended on 31.03.2019 in Kollam District in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of The Kerala Panchayat Raj Act 1994; the rule made there under and the guidelines issued by The Comptroller and the Auditor General of India for the Certification of Accounts of Panchayat Raj Institutions.

In my opinion the financial statements of **Pavithreswaram Grama Panchayath** for the year **2018-19** subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

**DEPUTY DIRECTOR**

Kerala State Audit Department

District Office, Kollam

## <u>അനുബന്ധം 2 അനുബന്ധം 2</u>

**അനുബന്ധം 2**

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്